# ദുഃഖവെള്ളിയാഴ്ച നമസ്ക്കാരം

## പ്രഭാത നമസ്ക്കാരം

### കൌമ്മ

**(ബ് ഏദോനൊദുസഹ്റോനൌദേവൂനെസ്ഗുദ്ലേ)**

പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.
പീഢാതാഴ്ചകളാൽ നമ്മേ-വീണ്ടോനാം-മ്ശിഹാ-യേ
വാഴ്ത്തി നമിക്കാം-പുലർകാലേ.

Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.
Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.
Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.

**(ലൊക്മോർ തെശുദ്ദുഹത്തോ)**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാത്ഥന മ്ശിഹാ!

സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

(സുറിയാനി)

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻ താരാ അയ് ഒറിശലേം ദഹലാ അൽ
നെൽഗാൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in

heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)

**(51-ാം മസുമൂർ)**

ദൈവമേ! തവ കൃപയിൻപ്രകാരം എന്നോടു കരുണചെയ്യണമേ. തിരു കരുണയുടെ ബഹുത്വത്തിൻ പ്രകാരം എന്റെ പാപങ്ങളെ മായിച്ചു കളയണമേ.

എന്റെ അന്യായത്തിൽ നിന്ന് എന്നെ നന്നായി കഴുകി എന്റെ പാപങ്ങളിൽ നിന്ന് എന്നെ വെടിപ്പാക്കണമേ. എന്തെന്നാൽ എന്റെ അതിക്രമങ്ങളെ ഞാൻ അറിയുന്നു. എന്റെ പാപങ്ങളും എപ്പോഴും എന്റെ നേരേ ഇരിക്കുന്നു.

കർത്താവിനു വിരോധമായിത്തന്നെ ഞാൻ പാപം ചെയ്തു. തിരു മുമ്പിൽ തിന്മകളെ ഞാൻ ചെയ്തു. അതു തിരു വചനത്തിൽ കർത്താവു നീതീകരിക്കപ്പെടുകയും തിരു ന്യായവിധികളിൽ കർത്താവു ജയിക്കുകയും ചെയ്‌വാനായിട്ടു തന്നെ. എന്തെന്നാൽഅന്യായത്തിൽ ഞാൻ ഉത്ഭവിച്ചു. പാപങ്ങളിൽ എന്റെ മാതാവ് എന്നെ ഗർഭം ധരിക്കുക യും ചെയ്തു.

എന്നാൽ നീതിയിൽ താൻ ഇഷ്ടപ്പെട്ടു. തന്റെ ജ്ഞാനത്തിന്റെ രഹസ്യങ്ങൾ തന്നെ താൻ അറിയിച്ചു. സോപ്പാകൊണ്ട് എന്റെ മേൽ താൻ തളിക്കണമേ. ഞാൻ വെടിപ്പാക്കപ്പെടും. അതിനാൽ എന്നെ താൻ വെണ്മയാക്കണമേ. ഹിമത്തേക്കാൾ ഞാൻ വെണ്മയാകും.

തന്റെ ആനന്ദവും സന്തോഷവും കൊണ്ട് എന്നെ തൃപ്തിയാക്കണമേ. ക്ഷീണതയുള്ള എന്റെ അസ്ഥികൾ സന്തോഷിക്കും. എന്റെ

പാപങ്ങളിൽ നിന്ന് തിരുമുഖം തിരിച്ച് എന്റെ അതിക്രമങ്ങളെ ഒക്കെയും മായിച്ചു കളയണമേ.

ദൈവമേ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമേ. സ്ഥിരതയുള്ള തിരുആത്മാവിനെ എന്റെ ഉള്ളിൽ പുതുതാക്കണമേ. തന്റെ തിരുമുമ്പിൽ നിന്ന് എന്നെ തള്ളിക്കളയരുതേ. തന്റെ വിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുക്കയും അരുതേ.

എന്നാലോ തിരു ആനന്ദവും രക്ഷയും എനിക്ക് തിരിച്ചു തരേണമേ. മഹത്ത്വമുള്ള തന്നാത്മാവ് എന്നെ താങ്ങുമാറാകണമേ. അപ്പോൾ ഞാൻ അതിക്രക്കാരെ തിരു വഴി പഠിപ്പിക്കും. പാപികൾ തങ്കലേക്കു തിരിയുകയും ചെയ്യും.

എന്റെ രക്ഷയായ ദൈവമായ ദൈവമേ! രക്തത്തിൽ നിന്ന് എന്നെ രക്ഷിക്കണമേ. എന്റെ നാവ് തിരു നീതിയെ സ്തുതിക്കും. കർത്താവേ! എന്റെ അധരങ്ങൾ എനിക്കു തുറക്കണമേ. എന്റെ വായ് തന്റെ സ്തുതികളെ പാടും.

എന്തെന്നാൽ ബലികളിൽ താൻ ഇഷ്ടപ്പെട്ടില്ല. ഹോമബലികളിൽ താൻ നിരപ്പയതുമില്ല. ദൈവത്തിന്റെ ബലികൾ താഴ്മയുള്ളആത്മാവാകുന്നു. ദൈവം നുറുങ്ങിയ ഹൃദയത്തെ നിരസിക്കുന്നില്ല.

തന്റെ ഇഷ്ടത്താൽ സെഹിയോനോട് നന്മ ചെയ്യണമേ. ഊർശ്ലേമിന്റെ മതിലുകളെ പണിയണമേ. അപ്പോൾ നീതിയോടുകൂടിയ ബലികളിലും ഹോമബലികളിലും താൻ ഇഷ്ടപ്പെടും. അപ്പോൾ തന്റെ ബലിപീഠത്തിന്മേൽ കാളകൾ ബലിയായി കരേറും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ.

Have mercy on me, God, in thy loving kindness; in the abundance of thy mercy blot out my sin. Wash me throughly from my guilt and cleanse me from my sin. For I acknowledge my fault and my sins are before me always.

Against Thee only have I sinned and done evil in thy sight, that Thou mayst be justified in Thy words and vindicated in Thy judgement.

For I was born in guilt and in sin did my mother conveive me.

But Thou takest pleasure in truth and Thou hast made known to me the secrets of Thy wisdom. Sprinkle me with Thy hyssop and I shall be clean; wash me and I shall be whiter than snow.

Give me the comfort of Thy joy and gladness, and the bones which have been humbled shall rejoice. Turn away Thy face from my sins and blot out al my faults.

Create in me a clean heart, O God, and renew Thy steadfast spirit within me.Cast not me from Thy presence and take not Thy Holy Spirit from me. But restore to me Thy joy and Thy salvation, and let Thy glorious spirit sustain me; that I may teach the wicked Thy way and sinners may return to Thee. Deliver me from blood, O God, God of my salvation, and my tongue shall praise Thy justice. Lord, open my lips, and my mouth shall sing Thy praise.

For Thou dost not take pleasure in sacrifices; by burnt offerings Thou art not appeased. The sacrifice of God is a humble spirit, a heart that is contrite God will not despise

Do good in Thy good pleasure to Zion and built up the walls of Jerusalem.

Then shalt Thou be satisfied with sacrifices of truth and with whole burnt offerings; then shall they offer bullocks upon Thine altar.

And to Thee belongs the praise, O God. Barekmor.

ശുബഹോ......... മെനഓലം.......... കുറിയേലായിസ്സോൻ.

**എനിയോനോ**

**(ഹൌദഹവോബുകറോ)**

1. പാതകിപോൽ-ഞങ്ങളെ രക്ഷിപ്പാൻ
 ന്യായ-സ്ഥാനം പ്രാപിതനേ! ദേവാ! ദയ ചെയ്തീടണമേ.

2. ദാസൻ ത-ന്നടി കന്നത്തേറ്റു
 കന്മ-ഷദാസരെ വീണ്ടോനേ! ദേവാ! ദയ ചെയ്തീടണമേ.

3. തലമേൽകോൽ-കൊണ്ടടിയേറ്റവർ തൻ
 പാപ-ച്ചീട്ടു പൊളിച്ചോനേ! ദേവാ! ദയ ചെയ്തീടണമേ.

4. മന്നവരും-വിധിനാഥന്മാരും
 കൊല്ലാൻ-ചതിവാലാന്നോനേ! ദേവാ! ദയ ചെയ്തീടണമേ.

5. നിർദ്ദോഷം-സകലവിധീശ്വരനേ!
 ദോഷി-കളാൽ വിധിയേറ്റോനേ! ദേവാ! ദയ ചെയ്തീടണമേ.
 ബാറെക്മോർ-ശുബഹോ.... മെനഓലം....

6. നീതിജ്ഞാ!-പുണ്യനിധേ! സ്വഹിതാൽ
 ദ്രോഹി-കളാൽ വിധിയേറ്റോനേ! ദേവാ! ദയ ചെയ്തീടണമേ
 കുറിയേലായിസ്സോൻ

## ENIONO

You who are actually God and who still suffered physically for us, have mercy O God.

You who have come in person to complete the prophecies, the symbols and those things hidden from the foundation of the world, have mercy O God.

You who for our salvation have been led as a criminal before the tribunal, have mercy O God.

You against who kings and judges have plotted to put to death, have mercy O God.

You the judge of all who have been unjustly condemned, have mercy O God.

You who have been delivered by your traitorous disciple to the high priest, have mercy O God.

### 63 ാം മസുമൂർ

**എ**ന്റെ ദൈവമേ! കർത്താവ് എന്റെ ദൈവമാകുന്നു. ഞാൻ കർത്താവിനു വേണ്ടി കാത്തിരിക്കും.

ദാഹിച്ചും വരണ്ടും വെള്ളത്തിനായി ആഗ്രഹിച്ചിരിക്കുന്ന ഭൂമിയെപ്പോലെ എന്റെ ആത്മാവ് കർത്താവിനായി ദാഹിച്ചിരിക്കുന്നു. എന്റെ ജഡവും കർത്താവിനായി കാത്തിരിക്കുന്നു.

ഇപ്രകാരം കർത്താവിന്റെ ബലത്തേയും കർത്താവിന്റെ ബഹുമാനത്തേയുംകാണ്മാൻസത്യമായിട്ട്ഞാൻകർത്താവിനെ നോക്കി

എന്തെന്നാൽ കർത്താവിന്റെ കരുണ ജീവനേക്കാൾ നല്ലതാകുന്നു. എന്റെ അധരങ്ങൾ കർത്താവിനെ സ്തുതിക്കും.

ഞാൻ ജീവനോടിരിക്കുമ്പോൾ ഇപ്രകാരം ഞാൻ കർത്താവിനെ വാഴ്ത്തുകയും കർത്താവിന്റെ നാമത്തിൽ ഞാൻ എന്റെ കൈകളെ ഉയർത്തുകയും ചെയ്യും.

എന്റെ ആത്മാവ് കൊഴുപ്പും മേദസ്സും കൊണ്ടെന്നപോലെ പുഷ്ടി പ്രാപിക്കും. എന്റെ വായ് സ്തുതിയുള്ള അധരങ്ങൾ കൊണ്ട് കർത്താവിനെ സ്തുതിക്കയും ചെയ്യും.

എന്റെ കിടക്കയിന്മേൽ ഞാൻ കർത്താവിനെ ഓർത്തു. രാത്രികാലങ്ങളിൽ ഞാൻ കർത്താവിനെ ധ്യാനിക്കുകയും ചെയ്തു.

എന്തെന്നാൽ കർത്താവ് എനിക്ക് സഹായായിത്തീർന്നു. കർത്താവിന്റെ ചിറകുകളുടെ നിഴലിൽ ഞാൻ മറയ്ക്കപ്പെടും.

എന്റെ ആത്മാവ് കർത്താവിനെ പിൻതുടർന്നു. കർത്താവിന്റെ വലത്തുകൈ എന്നെ താങ്ങുകയും ചെയ്തു.

അവർ എന്റെ ആത്മാവിനെ നശിപ്പിപ്പാൻ അന്വേഷിച്ചു. അവർ ഭൂമിയുടെ അധോഭാഗങ്ങളിലേയ്ക്ക് പ്രവേശിക്കും.

അവർ വാളിനു വിധേയമാക്കപ്പെടുകയും കുറുനരികൾക്ക് ഭക്ഷണമായിത്തീരുകയും ചെയ്യും.

കർത്താവിന്റെ നാമത്തിൽ ആണയിടുന്ന ഏവനും പുകഴ്ചയുണ്ടാകും. എന്തെന്നാൽ അസത്യം പറയുന്നവരുടെ വായ് അടയ്ക്കപ്പെടും. ദൈവമേ! സ്തുതി തനിക്ക് യോഗ്യമാകുന്നു. ബാറെക്മോർ

My God! You are my God. Earnestly I seek you.

My soul thirsts for you and my body longs for you, as the dry and weary land, cry for water.

I looked at you in the Sanctuary to behold your power and glory.

My lips will glorify you because your loving kindness is better than life.

I will praise you as long as I live and I will lift up my hands like this in your name.

My soul will be flourished as with marrow and fat, and my mouth shall praise you with singing lips.

I remember you on my bed, I think of you through the watches night.

Because you are my help, I sing in the shadow of your wings

My soul clings to you, your right hand upholds me.

They who seek my life will be destroyed; they will go down to the depths of the earth.

They will be given over to the sword and become food for foxes.

But the king will rejoice in God. All who swear by God's name will praise Him, while the mouths of the lairs will be silenced.

And to Thee belongs the praise, O God. Barekmor.

## ഗീതം

(ഹൌദ് ഉഹ്ദോനോ)

1. ദേവേശാ! മ്ശിഹാ!-സ്വസ്നേഹത്താൽ
വിധിനിലയേ കന്നത്തടിയേ-റ്റടിമയിൽ നിന്നും വീണ്ടോനേ!
നിന്നേ-യാ-ന്നേൻ, കൃപ ചെയ്കെന്മേൽ.

2. ദേവേശാ! മ്ശിഹാ!- സ്ലീബായായിന്മേൽ
ഞങ്ങടെ രക്ഷയ്ക്കായി തൂങ്ങി-ജീവൻ മൃതിയാൽ തന്നോനേ!
നിന്നേ-യാ-ന്നേൻ, കൃപ ചെയ്കെന്മേൽ.

3. ദേവേശാ! മ്ശിഹാ!-നിജവിനയത്താൽ
താണവർ ഞങ്ങളെയേറ്റിത്തൻ-പാടാൽ പീഡകൾ തീർത്തോനേ!
നിന്നേ-യാ-ന്നേൻ, കൃപ ചെയ്കെന്മേൽ.

4. ദേവേശാ! മ്ശിഹാ!-തിരുവിഷ്ടത്താൽ
സ്ലീബായും പീഡയുമേറ്റി-ട്ടാദാമ്യരെ രക്ഷിച്ചോനേ!
നിന്നേ-യാ-ന്നേൻ, കൃപ ചെയ്കെന്മേൽ.

5. ദേവേശാ! മ്ശിഹാ!-പാപത്താൽ ദോഷം
തീണ്ടാത്തോരേകാ! സ്വഹിതാൽ-
ദോഷികൾ ഞങ്ങളെ വീണ്ടിടുവാൻ
കുറ്റ-ത്തിൻ-വിധിയേറ്റോനേ!

ശുബഹോ......... മെനഓലം.......... കുറിയേലായിസ്സോൻ.

6. ദേവേശാ! മ്ശിഹാ!-ഞങ്ങളെ രക്ഷിപ്പാൻ
കഷ്ടതയും കുരിശും പേറി-ക്ക്നൂമായാലുയിർതന്നോനേ!
നിന്നേ-യാ-ന്നേൻ, കൃപ ചെയ്കെന്മേൽ.
കുറിയേലായിസ്സോൻ.

**ENIONO**

On this day the mysteries and the singns of the prophets came to an end and became intelligent in spite of the limit of the human mind.

From among your brothers the Lord will raise a prophet like me, but those who will not have listened to him will kill him before his people.

This is he who is God, this is who is the prophet and priest, victim and sacrifice offered and accepted.

On this evening the Lord ate the passover in the upper room and the disciples took delight in the mysteries which were bestowed on them.

He blessed the bread, spoke the words of blessing over it and said to them: “this is my body.” He blessed the wine, sanctified it and said: “This is my blood.”

Shubhaholo........... Menaolam............Kurialaison.

The Lord and the servants ate, became one through these mysteries, sang hymns of praise, and left for the Mount of Olives where the prophecies were fulfilled. **Kurialaison.**

## സങ്കീർത്തനം 35

(കോലോദുശുബ്ഹൊ ബ്പുംമാലാഖെ)

1. കർത്താവേ! എന്നോടു ന്യായം നടത്തണമേ. എന്നോടു പോരാടുന്നവരോടു പോരാടണമേ. ആയുധവും പരിചയും പിടിച്ച് എന്റെ സഹായത്തിനായി എഴുന്നേൽക്കണമേ.

ഇന്നാൾ നിന്നാൻ -മൗലിനമിച്ചാ-വിധിഗേഹത്തിൽ
സർവ്വവിധീശ വിധീ-ശൻ-താൻ
പിഴയിൽ നിന്നും നമ്മെവിടുർത്താൻ മത്സരികളിൽ നി-
ന്നേറ്റാൻ ദുഷിപരിഹാ-സ-ങ്ങൾ.

കുറിയേലായിസ്സോൻ.

2. എന്റെ ആത്മാവിനെ അന്വേഷിക്കുന്നവർ ലജ്ജിച്ചുപോക ട്ടെ. എനിക്കു വിരോധമായി തിന്മ വിചാരിക്കുന്നവർ പിന്തിരിഞ്ഞു നാണിച്ചുപോകട്ടെ.

ഇന്നാൾ വിധിപതി-പീലാത്തോസേ! യിവനെ ക്രൂശി
ക്കെന്നായൂദന്മാ-രാ-ർത്തു
ദ്രോഹികൾ ബാറാബായെ ചോദിച്ചുത്തമസുതനേ
നിഹനിപ്പാൻ ക്രൂശിൽ-തൂ-ക്കി

കുറിയേലായിസ്സോൻ.

3. അവരുടെ വഴി ഇരുണ്ടുപോകട്ടെ. അതിൽ മാർഗ്ഗഭ്രംശം ഉ ണ്ടാകട്ടെ. ദൈവത്തിന്റെ ദൂതൻ അവരെ പിന്തുടരട്ടെ. എന്തെ ന്നാൽ അവർ എനിക്കായി കെണികൾ മറച്ചുവയ്ക്കുകയും എന്റെ ആത്മാവിനുവേണ്ടി വലവിരിക്കുകയും ചെയ്തിരിക്കുന്നു..

ഇന്നാൾ തുപ്പലണിഞ്ഞാനേദൻ നാഥൻ പറുദീ-
സാദാമിനു വീണ്ടും-നൽ-കാൻ.

നമ്മേ ദുഷ്കൃതദാസ്യം നീക്കിക്കാപ്പാൻദാസ-
പ്രഹരത്തെ ക-ന്നത്തേ-റ്റാൻ.

കുറിയേലായിസ്സോൻ.

4. കള്ളസാക്ഷികളെഴുന്നേറ്റ് ഞാനറിയാതിരുന്നതിനെ എന്നോടു ചോദിച്ചു. നന്മയ്ക്കു തിന്മ അവർ പ്രതിപകരം ചെയ്യുകയും മനുഷ്യരുടെ ഇടയിൽ നിന്ന് എന്റെ ജീവനെ അവർ നശിപ്പിക്കുകയും ചെയ്തു.

ഇന്നാൾ ശിഷ്യന്മാരുടെ കൂറു തണുത്തു പരക്കം-
പാച്ചിലിനേ ശരണം-തേ-ടി.
ക്രൂശകമദ്ധ്യേ സത്യത്തിൻ ഗുരുനാഥൻ തനിയേ
വ്യഥയും പീഡയുമേ-ൽക്കു-ന്നു.

കുറിയേലായിസ്സോൻ.

5. എന്റെ സങ്കടത്തിൽ അവർ കൂട്ടം കൂടുകയും, എനിക്കെതിരായി സന്തോഷിക്കയുംചെയ്തു. ദീർഘകാലത്തേക്ക് എനിക്കെതിരായി അവർ കൂട്ടം കൂടി; ഞാനോ അവരുടെ അഹങ്കാരം അറിഞ്ഞില്ലായിരുന്നു. അവർ ആക്ഷേപിച്ചുകൊണ്ട് എന്റെ നേരേ പല്ലു കടിക്കുകയും ചെയ്തു.

ഇന്നാൾ യൂദജനം വിളികൂട്ടി, പീലാത്തോസേ!
മൂശാതൻ നിയമ-ത്തേ-യും,
ശാബതിനേയും ജനതതിയേയും തെറ്റിക്കുന്നോ-
രീമാനുഷനേ ക്രൂ-ശി-ക്ക. കുറിയേലായിസ്സോൻ.

O Lord, oppose those who oppose me; and fight those who fight against me. Take your shield and armor and come to my rescue.

***On this day the Judge of judges bows his head and appears at the court. He accepts mockery and the insults from the unjust to save uss from going astray.***

**Kuriealaison**

May those try to kill me be defeated and disgraced! May those who plot against me be turned back and confused!

***On this day a crowd rioted before Pilate: "Crucify him, crucify him, you are the judge." The sinners demand Barrabas and condemn the Son of the Highest Lord to death on the cross.***

**Kuriealaison**

May their path be dark and slippery; while the angel of the Lord strikes them down! Without any reason they laid a trap for me and dug a deep hole to catch me.

***On this day the Lord of Eden accepts ignominy to bring Adam back to paradise; he is also slapped in the face by his subjects in order to free them from the slavery of sin.***

**Kuriealaison**

Evil men testify against me and accuse me of crimes I know nothing about. They pay me back evil for good, and I sink in despair.

***On this day the love of his disciples became cold, they ran to escape. The Master of truth remains alone among the executioners, enduring suffering and torment.***

**Kuriealaison**

But when I was in trouble, they were all glad and **gathere**d Around to make fun of me; I did not know about their proudness.

***On this day the crowd cried: "Crucify him, crucify this man, Pilate, he is leading our people astray by breaking the Sabath and the law given to us by Moses."***

**Kuriealaison**

## സങ്കീർത്തനം 59

(ശ്മാഹോദേകുലഹൂൻ ആമ്മേ)

1. എന്റെ ഹൃദയത്തിന്റെ തകർച്ചയെ സൗഖ്യപ്പെടുത്തി ശക്തീകരിക്കണമേ.

വിദ്വേഷികൾ ചെയ്യതെന്തെന്നു-കേൾക്കുവില്ലോജാതികളും;
സൃഷ്ടികൾ തന്നധിനായകനേ-നിന്ദ്യസ്ലീബാമേൽ തൂക്കീ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

2. അവരുടെ മേശ കെണിക്കായും അവരുടെ പ്രതികാരം വിരുദ്ധത്തിനായും തീരട്ടെ.

ഭൂവാസികളേ ശ്രദ്ധിപ്പീൻ-കൊലയാളിയെ ദോഷികളേറ്റു.
സൃഷ്ടിഗണത്തിന്നുടയോനേ-വൈരത്താൽ ക്രൂശിൽ തൂക്കി
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

3. കോപവും ക്രോധവും അവരുടെ മേൽ ചൊരിയണമേ.
ചന്ദ്രാർക്കന്മാർ വാനത്തിൽ-മങ്ങീ, കേണു സൃഷ്ടികളും
സൃഷ്ടികൾ സ്രഷ്ടാവോടൊപ്പം-ഖേദിച്ചീടുന്നതുയുക്തം.
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

4. എന്തെന്നാൽ നീ ദണ്ഡിപ്പിച്ചവന്റെ പിന്നാലെ അവർ പോയിരിക്കുന്നു.

കൈപ്പേറിയതാം കാടിയവ-ന്നവരേകീ ദാഹിച്ചപ്പോൾ
ലിഖിതം നിഖിലം നിറവായെ-ന്നോതീട്ടതു പാനം ചെയ്താൻ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

5. ജീവന്റെ പുസ്തകത്തിൽ നിന്ന് അവർ മായിക്കപ്പെടട്ടെ. തവ നീതിമാന്മാരോടുകൂടി അവർ എഴുതപ്പെടാതിരിക്കട്ടെ.

തന്നേയെതിരേൽപ്പാനെത്തീ-പരിശുദ്ധന്മാർ മൃതിഗതരും
സത്യം കർത്താവിവനാണെ-ന്നുരചെയ്താർ ജനതാമദ്ധ്യേ
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

6. സ്തോത്രത്തോടെ ദൈവത്തിന്റെ നാമത്തെ ഞാൻ സ്തുതിക്കും. സ്തോത്രത്തോടെ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

മ്ലേച്ഛന്മാരാൽ ദൂഷിതമാം-ആലയമതിൽ നിന്നും റൂഹാ

നീങ്ങിയതാൽ താൻ ചീന്തിയതാം-തിരിശ്ശീലയഹോ സാക്ഷിച്ചു
വന്നിടുവിൻ-തന്നെ നമിച്ചീടാം. ബാറെക്മോർ

ശുബഹോ......... മെനഓലം..........

7. യൂദന്മാരേയോർത്തിടുവിൻ-തരുവിന്മീതേതൂക്കിയവൻ
ദൈവം, ദൈവതനൂജൻതാൻ-നിങ്ങളെ നിർമ്മൂലം നീക്കും
വന്നിടുവിൻ-തന്നെ നമിച്ചീടാം. കുറിയേലായിസ്സോൻ

You cure my broken heart and encourage it.

***Let all nations hear what injustices have been done by those who nail the Lord on the cross of infamy, let us all come and bow and adore him.***

**Kuriealaison**

May their banquets cause their ruin; may their enemity cause their downfall.

***O listen, all people: sinners have chosen the murderer and crucified with impudence the Lord of creatures, let us all come,a nd bow and adore him.***

**Kuriealaison**

Pour out your anger and indignation on them.

***The sun and the moon in the heavens suffer and a veil of darkness covers creatiojn. All creatures share the gloom and*** **misery with their Creator**, ***let us all come and bow and adore him.***

**Kuriealaison**

Those whom you punnished, they followed.

**When he was thirsty they gave him vinegar mixed with gall and when he had drunk it, he cried out: "I have accompli-shed all that was written**, ***let us all comeand bow and adore him.***

**Kuriealaison**

May their names be erased from the book of the living; may they not be included in the list of your people.

***On this day the dead come back to life and the saints come*** **to meet him, telling everyone that he is truly the Lord,** ***let us all come and bow and adore him.***

**Kuriealaison**

I will praise God with thanks; I will proclaim his greatness by giving him thanks.

***The Holy Spirit goes away and leaves the temple now tarn ished by this sin. The veil to the holy of holies is torn asunder, let us all come and bow and adore him.***

**Kuriealaison**

Barekhmore - Shubhaho...... Menaolam.......

***Do not be misled, wicked men, the person you have raised on the gibbet is God the Son, and you he replaced foreever, let us all comeand bow and adore him.***

**Kuriealaison**

## സങ്കീർത്തനം 54

(യൗമ്മോനോ)

1. കർത്താവേ! തിരു നാമത്താൽ എന്നെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ അന്യജാതിക്കാർ എനിക്കു വിരോധമായി എഴുന്നേറ്റിരിക്കുന്നു.

കഷ്ടതയാൽ-മരണനുകത്തെ-യഴിവാക്കി-
ത്തന്നവിൻ ത്യാഗത്താൽ
ദുഷ്ടാത്മാക്കളെ ലജ്ജിപ്പിച്ചോരീശോ ധന്യൻ,
നിൻഹാശായിൽ-കഷ്ടതയാൽ പ്രഭ-നേടണമെങ്ങൾ

കുറിയേലായിസ്സോൻ

2. കർത്താവേ! തിരു നാമത്തെ ഞാൻ സ്തോത്രം ചെയ്യും; എന്തെന്നാൽ അതു നല്ലതാകുന്നു. സകല സങ്കടങ്ങളിൽനിന്ന് കർത്താവ് എന്നെ വിടുവിച്ചിരിക്കുന്നുവല്ലോ.

തിരുസഭയെ-പ്രതികഷ്ടതയേ-റ്റടിയാരെ-
ത്തെറ്റിൽ നിന്നും വീണ്ടോനേ!
ദുർഭിന്നതയും കലഹവുമതിൽനിന്നകലത്താക്കീ-
ട്ടന്ത്യം വരെ നിൻ-ശാന്തിയതിൻസുതരിൽ-മേവണമേ.

കുറിയേലായിസ്സോൻ

3. അധർമ്മവും, കുരളയും, വഞ്ചനയും അതിന്റെ ഉള്ളിലുണ്ട്. അതിന്റെ തെരുവുകളിൽ നിന്നു പകയും വഞ്ചനയും ഹനിക്കപ്പെടുന്നില്ല.

വിധിനിലയേ-രക്ഷകനിന്നാൾ-പാതകിയെ
പ്പോൽ നി-ന്നെങ്ങൾക്കായ്-
മൃതികൈക്കൊണ്ടിഹ ശാശ്വതജീവൻ നൽകിയനേരം
സൃഷ്ടികളഖിലം-വ്യസനംപൂണ്ടധികം-വിലപിച്ചു.

കുറിയേലായിസ്സോൻ

4. എന്തുകൊണ്ടെന്നാൽ അവർ എന്നോടു ശണ്ഠകൂടിയിരിക്കുന്നു. ദൈവം കേട്ടിട്ട് അവരെ താഴ്ത്തിക്കളയുമാറാകട്ടെ.

യൂദന്മാർ-ഗോഗുൽത്താമേൽ-രക്ഷകനെ-
കുരിശിച്ചൊരുനാളിൽ
അടിനിലയിടറീ, കൂരിരുളേറി, മൃതിഗതരിളകീ-
സൃഷ്ടികളഖിലം-സങ്കടവും വ്യഥയും-പ്രാപിച്ചു

കുറിയേലായിസ്സോൻ

O Lord, Save me by your name, because gentale people are stood againt me.

***May you be praised, Christ, why by your suffering abolish and destory the power of death and who by accepting the ignominy of nudity have confused and stupified the forces of evil; allow us to share in your mercy and so be glorified with you.***

**Kuriealaison**

O Lord, I will give you thanks, since you are good and because you have rescued me from all my troubles.

***O our Savior, who suffered as man for your Church and saved it from destructiojn, bring to an end schisms and heresies: spread your peace among your children until the end of the world.***

**Kuriealaison**

Violence and riots in the city, filling it with crime and trouble; destruction everywhere; streets are full of oppression and fraud.

***Today all creatures are greatly saddened because our Savi or was brought to judgment like a criminal; he suffers and dies but grants us eternal life.***

**Kuriealaison**

Because they fight battles with me. While Lord hear, will bring murders and liars to graves.

***The day when our Savior was crucified at the summit of Golgatha, darkness surrounded us, foundation of the earth were jarred loose, the earth trembled and all creatures became sad and depressed.***

**Kuriealaison**

## സങ്കീർത്തനം 22

(ബ്ഹോനോയൌമോ ക്അവ്ഗുദേ)

1. എന്റെ ദൈവമേ! എന്റെ ദൈവമേ! എന്നെ കൈവിട്ട തെന്തിന്! ഭോഷത്വമായ എന്റെ വചനങ്ങൾ നിമിത്തമായി എന്റെ രക്ഷ എന്നിൽ നിന്നും അകറ്റി കളഞ്ഞതുമെന്ത്?

ഇന്നാൾ സ്രാപ്പികൾ-കാദീശ്, കാദീശ്-
എന്നേവം വാഴ്ത്തുന്നോനേ

തൂക്കുക, തൂക്കുക-യെന്നാർത്തു-കായാപ്പഗണം.

കുറിയേലായിസ്സോൻ

2. എന്റെ ദൈവമേ! പകൽ സമയത്തു ഞാൻ വിളിക്കും; എന്നോട് ഉത്തരമരുളുകയില്ല. രാത്രിയിലും ഞാൻ വിളിക്കും; എന്നെ കാത്തുകൊള്ളുകമയുമില്ല.

ഇന്നാൾ ക്രോബകൾ-മഹിതം ബഹുമതി-
താവകമെന്നാക്കുന്നോനേ
നീക്കുക, നീക്കുക-യെന്നുഴറീ-ശപ്തജനങ്ങൾ.

കുറിയേലായിസ്സോൻ

3. അവരുടെ അധരങ്ങൾകൊണ്ടു ഗോഷ്ടി കാണിക്കുകയും, അവരുടെ തലകൾ കുലുക്കുകയും ചെയ്തു.

ഇന്നാളംബര-മാരാൽ നിറയു-
ന്നതു ചെറുതാർ-ക്കായവനോടായ്
ചോദിച്ചാൻ നാ-ടേതെന്നാ-നിന്ദ്യൻ ഹാനാൻ.

കുറിയേലായിസ്സോൻ

4. തനിക്ക് അവനോട് തിരുമനസ്സ് തോന്നുന്നെങ്കിൽ അവനെ രക്ഷിക്കട്ടെ.

ഇന്നാൾ-പീലാത്തോസൊടുജനമാ-
ർത്തീശോയെ-നിഹനിച്ചീടാൻ
"ബാറാബായേ-വിട്ടവനെ-തൂക്കുക തരുവിൽ."

കുറിയേലായിസ്സോൻ

5. ബാശാൻകൂറ്റൻമാർ എന്നെ വളഞ്ഞിരിക്കുന്നു.

ഇന്നാളാരുടെ-ബലമഹിമാവീ-
സൃഷ്ടികളെത്താങ്ങിടുന്നു
അവനെത്തരുവിൽ-കുരിശിച്ചാർ-ഗോഗുൽത്തായിൽ.

കുറിയേലായിസ്സോൻ

6. വെള്ളം പോലെ ഞാൻ തൂകപ്പെട്ടിരിക്കുന്നു.

ഇന്നാൾ മണ്ണാ-ലാദാമിനെ നി-
ർമ്മിച്ചോര-ത്യുക്കൈത്തണ്ടിൽ
ആണിതറച്ചാർ-സ്ക്കീപ്പാമേൽ-തരുവിന്മീതേ.

കുറിയേലായിസ്സോൻ

7. എന്റെ കൈകളും കാലുകളും അവർ തുളച്ചിരിക്കുന്നു. എന്റെ അസ്ഥികളൊക്കെയും വിലപിച്ചു.

ഇന്നാളുടയോൻ-തരുവിന്മീതേ-
ദാഹത്താൽ-ജലമാരായ്കെ,
പാരാവാരം-കൂറ്റൻപോ-ലാരവമേറ്റി.

കുറിയേലായിസ്സോൻ

8. സിംഹത്തിന്റെ വായിൽ നിന്ന് എന്നേയും അഹങ്കാര പ്രമത്തതയിൽനിന്ന് എന്റെ താഴ്മയേയും രക്ഷിക്കണമെ.

ഇന്നാൾ ശാസ്ത്രി-പരീശന്മാരും നിന്ദ്യന്മാർ പട്ടക്കാരും
ധാർമ്മികനെപ്രതി-സത്യംചൊ-ന്നില്ലുൾപ്പകയാൽ

ബാറെക്മോർ - ശുബഹോ........ മെനഓലം.......

ഇന്നാൾ ദുരിതം-സീയോനേ! ദേ-
വാത്മജനെ-ക്രൂശിപ്പോളേ
സഭയെ! ഭാഗ്യം-നീയവനെ-കൊണ്ടാടുകയാൽ

സ്തൗമെൻകാലോസ് കുറിയേലായിസ്സോൻ

1. My God, my God why have you abandoned me? I have cried desperately for help, but still it does not come.

***On this day Caiphas' followered cried: "Crucify him cruci fy him," the one before whom the seraphim sing, 'holy, holy.'***

**Kuriealaison**

2, My God, during the day I call to you; but you do not answer. I call at night, but get no save.

***On this day the wicked cried: "Raise him up, raise him up, while the Cherubim cried, "Blessed be your reign."*** **Kuriealaison**

3. All who see me make fun for me; they stick out their tongues and shake their heads. You relied on the Lord, according to him you saved.

***On this day the people pressured Pilate to put Jesus to dea th. They freed Barrabas but Jesus was crucified on the cross.***

**Kuriealaison**

4. Bashan bulls around me surround.

***On this day at Golgotha, they raised and crucified the athlete on the cross, who by his power sustains the universe.***

**Kuriealaison**

5. My strength is gone like water spilled on the ground.

***On this day on the cross they pierced with nails the mighty hand which molded Adam from clay.***

**Kuriealaison**

6. They tear at my hands and feet. All my bones cried. Rescue me from lions and save my humbleness from proudness.

***On this day the scribes, the phrisees, and the wicked priests were full of hate and did not wish to tell the truth about the truth.***

Barekhmore-Shubhaho...... Menolam.......

***This day is one of misfortune for the Sanhedrin who crucified the Son of God, and happiness for the Church who accepts him and sings his praise.*** Stoumen kalos **Kuriealaison**

## പ്രുമിയോൻ

പുരോഹിതൻ: നാം എല്ലാവരും ........

പ്രതിവാക്യം: കാരുണ്യവാനായ.......

പുരോഹിതൻ: സ്തുതിയും സ്തോത്രവും........

തന്റെ മനസ്സോടെ കാരാഗൃഹത്തിൽനിന്ന് വെട്ടുവാൻ ആട്ടിൻകുട്ടിയെന്നപോലെ ശിക്ഷാവിധിക്കു കൂട്ടിക്കൊണ്ടു് പോകുകയും ന്യായാപധിപനായ പീലാത്തോസ്സിന്റെ മുമ്പാകെ രോമം വെട്ടുന്നവന്റെ മുമ്പിൽ പെണ്ണാടു പോലെ അനങ്ങാതെ നിൽക്കുകയും തനിക്ക് ഇഷ്ടമായതിനാൽ തന്റെ താഴ്മ മൂലം വായ് തുറക്കാതിരിക്കയും ചെയ്ത മഹാരക്ഷിതാവും നികൃഷ്ടന്മാരാൽ അന്യായമാ

യി മരണശിക്ഷയ്ക്കു വിധിക്കപ്പെടുകയും പാപശിക്ഷയിൽ നിന്ന് തന്റെ കൃപമൂലം നമ്മെ കുറ്റമില്ലാതാക്കിതീർക്കുകയും ചെയ്ത ന്യായാധിപതിമാരുടെ ന്യായാധിപതിയും പരിഹാസവും നിന്ദയും ഏൽക്കുകയും ലജ്ജയിൽ നിന്ന് തന്റെ തിരുമുഖം പിന്തിരിക്കാതിരിക്കുകയും തന്റെ കരുണയാൽ ലജ്ജയിൽ നിന്നു നമ്മെ സ്വാതന്ത്ര്യപ്പെടുത്തുകയും ചെയ്തവനും മഹോന്നതനും അഹങ്കാരികളിൽ നിന്നു അസുദ്ധമായ തുപ്പൽ തിരുമുഖത്തേറ്റു ആജ്ഞാ ലംഘനക്കാരനായ ആദാമിനെ തന്റെ അവകാശത്തിലേക്കു വീണ്ടുകൊള്ളുവാൻ ധൈര്യവും മുഖപ്രസാദവും നൽകിയ മഹത്വമുള്ളവനും ആയ തനിക്കു .........

## സെദറാ

കാലങ്ങൾക്കു മുമ്പ് പിതാവിന്റെ ഹൃദയത്തിൽ നിന്നു ദൈവികപ്രകാരം ജനിക്കുകയും കാലാവസാനത്തിൽ വിശുദ്ധ കന്യകമറിയാമ്മിൽ നിന്നു ഉദിക്കുയും ചെയ്ത വചനമായ ദൈവം ദീർഘദർശിമാരുടെ ദീർഘദർശനങ്ങളേയും ദർശനക്കാരുടെ ഉപകളേയും തന്റെ തിരുമേനിയാൽ നിറവേറ്റി. തലമുറകളിൽ നിന്നും വംശങ്ങളിൽ നിന്നും മറഞ്ഞിരുന്ന രഹസ്യം ഇന്നു ഭൂലോകമദ്ധ്യത്തിൽ പ്രത്യക്ഷനായി. അഗ്നിമയന്മാരും സ്വർഗ്ഗീയസൈന്യങ്ങളും തന്റെ തേജസ്സിൽ ചുളുങ്ങുന്നവൻ ഇന്നു താഴ്മയോടെ ഭൂമിയിൽ കാണപ്പെട്ടു. മാലാഖമാരും പ്രധാനമാലാഖമാരും ആരുടെ തേജസ്സാൽ വിറയ്ക്കുന്നുവോ അവൻ ഇന്നു മണ്മയനാൽ പിടിയ്ക്കപ്പെട്ടു. ക്രൂബകൾ മേൽ വഹിക്കപ്പെട്ടിരുന്നവരും സ്രാപ്പേന്മാരാൽ സ്തുതിക്കപ്പെടുന്നവനും ഇന്നു നിന്ദ്യമായ കളിമണ്ണാൽ പരിഹസിക്കപ്പെട്ടു. സ്വർഗ്ഗസേനകൾക്ക് തന്റെ മഹത്വത്തോടു സമീപിപ്പാൻ ത്രാണിയില്ലാതെ ഇരിക്കുന്നവൻ ഇന്നു ദാസന്മാരാൽ അപഹസിക്കപ്പെട്ടു. ഈ വെള്ളിയാഴ്ച രാവിലെ പീലാത്തൊസ് ആസ്ഥാനമണ്ഡപത്തിൽ ഇരുന്നു. യേശുതമ്പുരാനോ അവന്റെ മുമ്പിൽ കുറ്റക്കാരനെപ്പോലെ ബന്ധിക്കപ്പെട്ടവനായി നിന്നു. ആകാശം സ്തുതിക്കുന്നതുപോലും അല്പമായിരിക്കുന്നവന്റെ തിരുമുഖത്തു ഇന്നു അസുദ്ധമായ തുപ്പൽ ചീന്തി. ആകാശവും ആകാശങ്ങളുടെ ആകാശവും തന്റെ സ്തുതിയെ അട്ടഹസിക്കുന്നവൻ ഇന്നു ചമ്മട്ടികളാൽ അടിക്കപ്പെട്ടു. എല്ലാ ജഡങ്ങളും ആരുടെ മുമ്പിൽ നിൽക്കുന്നുവോ അവൻ ഇന്നു രാവിലെ വിചാരണ

ചെയ്യപ്പെട്ടു. ആകാശത്തെ മേൽക്കട്ടിപോലെ വിരിക്കയും ഭൂമിയെ വെള്ളത്തിന്മീതെ പരത്തുകയും ചെയ്തവൻ ഇന്നു ന്യായാധിപനായ പീലാത്തോസിന്റെ മുമ്പാകെ ശിക്ഷയ്ക്കു വിധിയ്ക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ താൻ ആദാമിനെ പറുദീസയിൽ രാജാവാക്കി. വെള്ളിയാഴ്ച രാവിലെ യേശുവിനെ കൊല്ലണമെന്നുള്ള ഉത്തരവു പുറപ്പെട്ടു. വെള്ളിയാഴ്ച പ്രഭാതത്തിൽ ആദാം സൃഷ്ടിക്കപ്പെട്ടു. വെള്ളിയാഴ്ച രാവിലെ അവനെ സൃഷ്ടിച്ചവൻ അവനുവേണ്ടി അവന്റെ മക്കളിൽ നിന്നു ശിക്ഷ ഏറ്റു. വെള്ളിയാഴ്ച രാവിലെ ആദാം അവന്റെ നാഥനിൽ നിന്നു നഷ്ടപ്പെട്ടു. വെള്ളിയാഴ്ച രാവിലെ അവന്റെ കർത്താവ് അവനുവേണ്ടി അടികൊണ്ടു. തന്റെ വചനത്താൽ പർവ്വതങ്ങളെ തൂക്കിനോക്കുകയും സമുദ്രങ്ങളെ മണൽകൊണ്ടു തടയുകയും ചെയ്തവൻ ഇന്നു ന്യായസ്ഥലത്തു ബന്ധനത്തിലാക്കപ്പെട്ടു. വിശേഷബുദ്ധിയുള്ള എല്ലാവർക്കും വചനം നൽകിയവനെ ഇന്നേദിവസം ഹന്നാന്റെ ഭവനത്തിൽ കൊണ്ടുപോയി ഇട്ടടച്ചു. ഇന്നു താൻ ന്യാധിപന്റെ മുമ്പിൽ സംസാരിക്കാതെ മൗനമായി നിന്നു. മുകളിൽ ഈറേന്മാർ തന്നിൽ നിന്നു വിറയ്ക്കുന്നു. അഗാധത്തിൽ താഴെയുള്ളവർ തന്നെ അപഹസിക്കുന്നു. അത്യുന്നതങ്ങളിൽ ക്രൂബേർ തന്നെ വാഴ്ത്തുന്നു. താഴെ അഗാധങ്ങളിൽ അക്രമികൾ തന്നെ അപമാനിക്കുന്നു. അത്യുന്നതങ്ങളിൽ സ്രാപ്പേന്മാർ തന്നെ കാദീശ് പാടുന്നു. താഴെ അഗാധങ്ങളിൽ അഹങ്കാരികൾ തന്നെ ദുഷിക്കുന്നു. അത്യുന്നതങ്ങളിൽ പുറം കുപ്പായം പോലെ പ്രകാശം ധരിച്ചിരിക്കുന്നവർ താഴെ അഗാധങ്ങളിൽ നിന്ദനീയമായ പരിഹാസക്കുപ്പായം ഇട്ടു. അത്യുന്നതങ്ങളിൽ അഗ്നിരഥം തന്നെ ആഘോഷിക്കുന്നവൻ താഴെ അഗാധങ്ങളിൽ കുരിശുമരത്തിന്മേൽ തറയ്ക്കപ്പെട്ടിരിക്കുന്നു. അത്യുന്നതങ്ങളിൽ തന്റെ പിതാവിനോടുകൂടെ പുകഴ്ത്തപ്പെട്ടു സ്തുതിക്കപ്പെടുന്നവൻ അഗാധങ്ങളിൽ അധർമ്മികളോടുകൂടെ ഗണിക്കപ്പെട്ടു. അത്യുന്നതങ്ങളിൽ രാജാവും രാജാധിരാജനും അധികാരികൾക്കു കിരീടം നിർമ്മിക്കുന്നവനും ആയവൻ താഴെ അഗാധങ്ങളിൽ മുൾക്കിരീടം വഹിച്ചിരിക്കുന്നു. അത്യുന്നതങ്ങളിൽ വിശേഷബുദ്ധിയുള്ള രഥങ്ങളാൽ പ്രബലീകരിക്കപ്പെടുന്നവൻ താഴെ അഗാധങ്ങളിൽ കള്ളന്മാരുടെ ഇടയിൽ കുരിശിന്മേൽ തറയ്ക്കപ്പെട്ടു. അത്യുന്നതങ്ങളിൽ പിതാവിനോടും റൂഹായോടും ഒന്നിച്ചു ശ്രേഷ്ഠസിംഹാസനത്തിൽ മഹിമയോടു വാണരുളുന്നവ

ൻ താഴെ അഗാധങ്ങളിൽ അപമാനത്തിന് തന്നത്താൻ ഏല്പിച്ചു കൊടുത്തു. അത്യുന്നതങ്ങളിൽ ക്രൂബയോടു ജീവവൃക്ഷം സൂക്ഷിപ്പാൻ കല്പിച്ചവന്റെ വിലാപ്പുറം താഴെ അഗാധങ്ങളിൽ കുന്തം കൊണ്ടു കുത്തി ത്തുളച്ചു. അത്യുന്നതങ്ങളിൽ തന്റെ ആംഗ്യംകൊണ്ടു മാറായിലെ കൈയ്പുവെള്ളം മധുരമാക്കിത്തീർത്തവന്ന താഴെ അഗാദങ്ങളിൽ കൈയ്പ്പും കാടിയും നീട്ടികൊടുത്തു. അത്യുന്നതങ്ങളിൽ ആദാമ്മിൽ ജീവാത്മാവിനെ ഊതിക്കയറ്റിയവൻ അഗാധങ്ങളിൽ മരിച്ചവനെപ്പോലെ പാതാളത്തിലേയ്ക്ക് ഇറങ്ങുകയും മരിച്ചവരോടുകൂടെ ഗണിക്കപ്പെടുകയും ചെയ്തു. ഇതു ഹേതുവായിട്ട് ഈ സുഗന്ധധൂപം വഴിയായി തനിക്കു കൃതജ്ഞത സമർപ്പിച്ചു ഞങ്ങൾ വന്ദിച്ചു പറയുന്നതെന്തെന്നാൽ തന്റെ ന്യായവിധികൾ നിർണ്ണയിക്കപ്പെടുവാൻ വഹിയാത്ത ദൈവമേ തനിക്കു സ്തുതി. തന്റെ താഴ്മ നിമിത്തം തനിക്കു സ്തുതി. ഞങ്ങൾക്കു വേണ്ടി ജഡത്തിൽ കഷ്ടമനുവിച്ച തനിക്കു സ്തുതി. കുരിശിന്മേൽ തറയ്ക്കപ്പെട്ടവനായ തനിക്കു സ്തുതി. മരണമടഞ്ഞു ഞങ്ങളെ ജീവിപ്പിച്ച തനിക്കു സ്തുതി. സംസ്ക്കാരം ചെയ്യപ്പെട്ടവനായ തനിക്കു സ്തുതി. മഹിമയോടു ജീവിച്ചെഴുന്നേറ്റു തന്റെ പിതാവിന്റെ അടക്കലേക്കു തന്നോടുകൂടെ ഞങ്ങളെ കൊണ്ടുപോയ തനിക്കു സ്തുതി. ഞങ്ങൾ തന്റെ മനുഷ്യത്വത്തെ ഏറ്റു പറയുകയും തന്റെ ദൈവത്വത്തെ പുകഴ്ത്തുകയും ചെയ്യുന്നു. ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടിയുള്ള സകലവും നിവൃത്തിയായ ഈ പ്രഭാതത്തിൽ ഞങ്ങളുടെ രക്ഷയ്ക്കു വേണ്ടി ഈ കൃത്യമെല്ലാം സാധിച്ചവനായ ദൈവമേ; ഞങ്ങൾക്കു വേണ്ടിയുള്ള തന്റെ കഷ്ടാനുഭവത്തിന്റേയും ക്രൂശാരോഹണത്തിന്റേയും ഓർമ്മയെ കഴിക്കുന്ന ഈ നാളിൽ ബലഹീനരായ ഞങ്ങൾ തിരുമുമ്പാകെ സമർപ്പിക്കുന്ന ഈ സുഗന്ധധൂപം മൂലം തന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നതെന്തെന്നാൽ തന്റെ കഷ്ടാനുഭവത്തിൽ കഷ്ടപ്പെടുവാനും തന്റെ താഴ്മയിൽ സാമ്യപ്പെടുവാനും തന്റെ പുനരുത്ഥാനത്തിൽ ആനന്ദിപ്പാനും തന്റെ ഇഷ്ടം ചെയ്ത എല്ലാവരോടും കൂടെ ഉല്ലസിപ്പാനും തന്റെ കൃപയാലും തന്റെ പിതാവിന്റെ തിരുവുള്ളത്താലും പരിശുദ്ധറൂഹായുടെ വ്യാപാരത്താലും ഞങ്ങളെ യോഗ്യരാക്കേണമെ. ഹോശോ..........

## PROEMION AND SEDRO

Praise.... to the powerful athlete who offered Himself in sacrifice on the cross and who, by His spilling of blood, has erased the sin of men and by His extended hands has embraced the world which returned to Him.

Praise and gratitude to You, Wise Creator, Who by six words brought the world into being in the beginning. In Your wisdom You created the world in six days; but in one day, through Your suffering, You fulfilled all the prophecies and renewed Your creatures. On Friday You are the exception Who appeared obedient unto death in order to put an end to the sin committed by Adam, our first father. You are the only one Who extended His hands on the cross and cured Adam, who with evil desire extended his hand to seize the fruit. When the scoundrels saw you and recognized the word of God as a threat to themselves, they were eager to shed Your blood and plotted Your death. They pointed the finger at you, seized You eagerly, led You to the tribunal, condemned You to the cross, led You to Golgotha; they mounted Your cross between heaven and earth, put a crown of thorns on Your glorious head, spit in Your face, and as a mockery, clothed You in a purple robe; they raised You up, gave You vinegarmixed with gall to drink. Shouting out, You said : “My God, My God, why have you forsaken me?” Then the earth trembled, the mountains shook and the sun became darkened. The veil of the temple was torn to pieces and the holy ones were afraidl the seraphim trembled, the earth stopped moving, the cherubim shivered; the seraphim were filled with shame when they

saw their Lord on the cross. The sun hid its rays because it could not look upon the nudity of its creator, for it saw the eternal light suspended upon the cross. The disciples fled, friends dispersed. Awaken then, arise son of Barachus, because here Your prophecy is fulfilled, because the shepherd has been struck and his lambs were scattered. Where are you brave men? Michael, what happened to your zeal? Where is your sword which annihilated millions of Assyrian warriors? Gather strength and courage, gather together, for Sunday your master will ariseas the prophecy foretells. Where are you going? Simon where do you hasten, John? Thomas, where are you going? Who will catch up with you, Philip? James, Why are you departing? Matthew, Bartholomew, do not be sorrowful. O apostles, do not run away; if you flee today, on Sunday you will come together again. Today through fear one hastens to flee, but Sunday you will be united again in joy. Today sorrow overtakes your group, but on Sunday you will be joyous and light-hearted and the wicked will be afflicted and saddened becaus they will learn of the resurrection of your master. And now we beg you, Lord, on this day when we commemorated Your saving death help us so that we might not be dominated by our passion and free us from all sinful desires; strengthen us to resist all evil desires by Your grace and divine power and that of Your Father and Your Holy Spirit, now.....

On the morning of judgment, the judge who judges creatures, and the Lord of light was questioned by His subjects. Glory to Him who was endured this for Adam in order to return his heritage to him.

In the morning the judges judge You. Glory to You who praise the pure. In this morning You carry the cross and You go to be crucified; blessed be You when You come to Your kingdom, You who so loved Adam and his children.

Glory....In the morning the Creator is condemned to death by Pilate, like a criminal, and the people cry out: "Crucify him, crucify this Jesus called Nazarene and deliver him to us. Release Barrabas."

Now.... In the morning He carries the cross on his shoulders and leaves the madmen; the Holy Spirit leaves the sanctuary and says: "Woe to You, Jerusalem, because your veil is being destroyed and your holidays are going to be over."

**കോലോ**

(കുക്കോയോ)

വെള്ളിദിനത്തിന്നുദയത്തിൽ-ജഗതീ-രക്ഷകനാം
ദേവാധിപനെക്കുരിശിപ്പാ-നവരുൽ-സുകരായി.
പ്രകൃതിവിറച്ചു-ഭൂമിതലം ഞെട്ടീ
പാറ തകർന്നു-കൊടുമുടികൾ പതറി
കബറുകൾ വിണ്ടു മൃതന്മാരും-നിർഗ്ഗ-തരായെത്തി;
നാഥാത്മജനെ ക്രൂശിച്ച-ശപ്തരെ നിന്ദിച്ചു.
ഹാലേലുയ്യ-ദുരിതമവർക്കെന്നും-ബാറെക്മോർ
ശുബഹോ-മെനഓലം-ഹാലേലുയ്യ
ദൈവത്തിൻ ജീവാത്മജനാം ജഗതീപാലകനെ
ഗോഗുൽത്താമേൽ സ്കീപ്പായിൽ-ജനസം-ഘം തൂക്കി;
കണ്ടകമകുടം-തിരുമൗലിയിൽ വെച്ചു;
കൈകൾ തറച്ചി-ട്ടവർ പുളിവീഞ്ഞേകി
ലിഖിതംപോലെ പിളർത്തി വിലാ-വയ്യോ കുന്തത്താൽ
ഗതിലോകർക്കരുളും നീരും-നിണവും പ്രവഹിച്ചു
ഹാലേലുയ്യ-തൻകൃപസംസ്തുത്യം. മൊറിയോ......

## എത്രൊ

മരത്തിന്മേൽബലികഴിക്കപ്പെട്ടപുണ്യമുണ്ടാക്കുന്ന ബലിയായ തനിക്കു സ്തുതി. തന്റെ വധം ലോകത്തിൽ സുഗന്ധധൂപമായിത്തീർന്ന് പ്രസാദകരമായ ധൂപകലശമെ! തനിക്കു സ്തുതി. തിരുസഭ പാപഅശുദ്ധതയിൽ നിന്നും അശുദ്ധബലികളിൽ നിന്നും അഭക്തിജന്യങ്ങളായ ദുഷ്കൃത്യങ്ങളിൽ നിന്നും താൻ മുഖാന്തിരം വെടിപ്പാക്കപ്പെട്ടു. തിരു രക്തത്താൽ മരണത്തിൽ നിന്നും നാശത്തിൽ നിന്നും ഞങ്ങൾ രക്ഷിക്കപ്പെട്ടതിനാൽ ഞങ്ങളുടെ രക്ഷിതാവേ! താൻ മഹിമ ഉള്ളവനാകുന്നു. ഞങ്ങൾ തിരു കുരിശിനെ വന്ദിച്ച് തവ കഷ്ടാനുഭവങ്ങളിൽ ഏറ്റുപറയുന്നു. ഞങ്ങൾ തിരു കുരിശിനാൽ ജീവിച്ചു. തവ മരണത്താൽ സ്വതന്ത്രരായി. തിരു സഹായങ്ങൾ വലിയവയാകുന്നു. ഞങ്ങളുടെ നിസ്സാരമായ സ്തുതി തനിക്കു എത്രയും തുച്ഛമാകുന്നു. കർത്താവ് സൃഷ്ടിച്ച് രക്ഷിച്ചിരിക്കുന്ന സകലത്തിലും കർത്താവിന് സ്തുതി. ഹോശോ......

Glory to You, Athlete, Who have experienced the feeling of fear in order to give courage to men. To You we give thanks, O God, You who have begged in order that the prayers of sinners be accepted. Lord, in Your love for men, accept now the prayers, the supplications and the Perfume of the incense that we offer at this moment. May the prayers that You have begged for us give wings to our prayers for salvation so that they appear before the throne of Your majesty. Through them grant pardon to cover all our faults and give answer to all our requests, because You are our help and our refuge and we offer to you glory......... Hoso......

## വീണ്ടും കോലോ

(ബ്സഹ്റോ കൊംവോ ബെസ്ദീനോ)

ബ്തറഓക്മോറാൻ

1. രാവിലെ നിന്നാൻ-സൃഷ്ടികളേ-
വിധിചെയ്യുന്നോൻ-വിധിയിൻ നിലയത്തിൽ;
ചോദ്യം ചെയ്യാനീറയർ തൻ-പതിയൊടു ദാസൻ
സ്തുതിയാദാമിന്നവകാശം-നൽകാനേവം-കഷ്ടപ്പെട്ടോനേ-
ബാറെക്മോർ - ശുബഹോ........ മെനഓലം.......

2. മയ്യലിലുടയോ-നേറ്റാൻ വിധി
പിലാത്തോസ്സാൽ-മരണാഹ്ന തുല്യം
തൂക്കുക, തൂക്കുക നസറായൻ-യേശുവിനേ നീ-
നീക്കിടുക, ബാറാബായെ-മോചിപ്പിക്കുക-
യെ-ന്നാർത്തു യൂദർ

(അല്ലെങ്കിൽ)

1. സൃഷ്ടികളെ വിധിക്കുന്ന ന്യായാധിപൻ പ്രഭാതത്തിൽ ന്യായസ്ഥലത്തു നിന്നു. ഈറേന്മാരുടെ നാഥൻ ദാസനാൽ ചോദ്യം ചെയ്യപ്പെട്ടു. ആദാമിനെ അവന്റെ അവകാശത്തിലേക്കു തിരിക്കുവാൻ ഇവയെല്ലാം സഹിച്ച തനിക്കു സ്തുതി. ബാറെക്മോർ-ശുബഹോ.....മെനഓലം.....

2. പ്രഭാതത്തിൽ മരണയോഗ്യനെപ്പോലെ കർത്താവ് പീലാത്തോസിനാൽ വിധിക്കപ്പെട്ടു. നസ്രറക്കാരനായ യേശുവിനെ ക്രൂശിക്ക, ക്രൂശിക്ക, ബാറാബായെ വിട്ടുതരിക എന്നു യഹൂദജനം അട്ടഹസിച്ചു.

## ബോത്തേദ് ഹാശോ

### ഞങ്ങൾക്കായ് നീ-യേറ്റൊരു പീഡാ താഴ്ചകളേറ്റം ധന്യം നാഥാ

1. മുഴുരാ-വവനേ-വൈദികസംഘം
ശോധിച്ചുദയേ-പിലാത്തോസ്സിൻ
മുമ്പിൽ ചേർത്താൻ-തൻവിധികേൾപ്പാൻ
ഹാ!-യേശുവിനേ നിഹനിച്ചീ-ടാൻ
ജനമൊന്നാകെ-ഘോഷിച്ചാർത്തു.

2. പാവനരക്തം-ചിന്താതവനേ
ക്രൂശകരീന്നും-മോചിച്ചീടാൻ
ആൾവിട്ടോതീ-ഗൂഢം ഭാര്യ
ആകാഞ്ഞതിനാൽ-ക്രൂശകരൊപ്പം
വിധിയേൽക്കായ്‌വാൻ-കഴുകിയവൻകൈ

3. മരണാഹ്ൻതാ-നിവനെന്നൊപ്പം
പീലാത്തോസ്സോ-ടാത്ത്ാൻ, ഹസ്തം
ശോഷിച്ചോനും-രോഗാത്തക്കും
ശാബതുനാളിൽ-ശാന്തികൊടുത്താൻ
മരണത്തിനിവൻ-യോഗ്യൻ നൂനം!

4. ദൈവാത്മാജനെ-ന്നെണ്ണുന്നോനേ
തൂക്കുക, തൂക്കെ-ന്നാത്ത്ാരേറ്റം
സ്തുത്യഫലത്തെ-യാരാഞ്ഞാന്നോ
രവകാശമെഴും-താതാത്മജനേ
യവരന്ധതയാൽ-ദശിച്ചില്ല.

നിൻവി-ധി ചെയ്തോർ വിധിയേൽക്കുമ്പോൾ
വിധിചെയ്യരുതേ-ഞങ്ങളെയീശാ
മൊറിയോ റാഹേം...

## മാർ അപ്രേം

ഞങ്ങൾക്കായുളവായൊരു നിൻ-ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൽ കഷ്ടതയാൽ-നേടണമവകാശം രാജ്യേ.

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

1. തിരുനിണവില നിപതിച്ചതിനാൽ-പരിശുദ്ധാഗാരം ഞെട്ടി
തൽ ശുശ്രൂഷ സമാപ്പിപ്പാൻ-അവസരമായെന്നതു കണ്ടു
വൈദികപദവി ഭ്രംശത്താൽ-പൂജകരെ പ്രതി വിലപിച്ചു
ശാശ്വത ശൂന്യത വന്നതിനാൽ-ബലി കേഴാനാരംഭിച്ചു
യേശുവിനെപ്രതി ജനമാത്ത്ു-പീലാത്തോസ് കൈകൾ കഴുകി
തൻരക്തം സന്തതിനിരയിൽ-പിൻതലമുറകളിലേക്കേറ്റാൻ

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

2. ഉദയശോഭന വസനത്താൽ-വാനത്തേ നീ ചമയിച്ചു
ഉദയേ വൈരിജനം നിന്നേ-നിന്ദാവസ്ത്രമുടുപ്പിച്ചു.
മഹിതംബഹുമതിതാവകമെ-ന്നുദയേ ക്രേബകളാക്ക്ബോൾ
അഗ്ന്യാത്മമയന്മാരീറേർ-കാദീശാഘോഷിക്കുമ്പോൾ.
നീക്കുക, നീക്കുക, ഭൂമിയിൽനി-ന്നുയിരുമ്മോരിൽനിന്നിവനേ
എന്നുദയേ വിധിപതി സവിധം-തേവടിയാൾ ബഹളം കൂട്ടി.

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

3. അഗ്രിമമാം പെരുന്നാളാകും-കഷ്ടത നിറയും വെള്ളിയതിൽ
ക്ഷണികമതാമിപ്പുലർകാലേ-നിൻ ശ്രേഷ്ഠത നിർമ്മിച്ചോരീ
സർവ്വത്തിന്നും പ്രഭയേറും-മ്ശിഹായേ! സ്തുതിയങ്ങയ്ക്കായ്
സർവ്വാനന്ദദമുദയം നീ-യുദയങ്ങളിലെല്ലാം സ്തുതിതേ
നിർമ്മാതാവിനെ വിധി ചെയ്‌വാൻ-മണ്ണാങ്കട്ടയിരുന്നുദയേ
പ്രഭയേറും പുലർകാലം നീ-പുലർവേളയിലെല്ലാം സ്തുതി-തേ

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

4. പൂക്കൾക്കും പുൽക്കൊടികൾക്കും-കമനീയത നീയരുളുന്നു
ബലഹീനർക്കഖിലം വടിയും-തുണയതുമായോനേ! സ്തുതിതേ!
കരുണാനായകനേ! സ്തുതി തേ!-പതിനായിരമായി സ്തുതി തേ!
നിഖിലവിധീശ വിധീശൻ നീ-വിധിനിലയത്തിൽ നിന്നതിനാൽ
ആയിരമുരുവോടായിരമായി-സർവ്വാധീശ്വരനേ! സ്തുതിതേ!
സ്തുതിതേ! പ്രേഷകജനകനും-പ്രോന്നതി പാവനറൂ-ഹായ്ക്കും

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

ഞങ്ങൾക്കായുളവായൊരു നിൻ-ബഹുകഷ്ടതയാൽ കൃപ ചെയ്ക
നിൻഹാശായിൽ കഷ്ടതയാൽ-നേടണമവകാശം രാജ്യേ.

(കുമ്പിടണം)

**ദേവാ ദയയുണ്ടാ-കേണം-നാഥാ കൃപതോന്നണമൻപാൽ**

## മ്ശിഹോ ദമിലാക് നൂഹോമ്മോ

1. **വെള്ളിയതാംനാൾ ബന്ധിതനായ്-കടലിനെ മണലാൽ ബന്ധിച്ചോൻ**
മരണനുകത്തേത്തച്ചവനേ-തരുവതിലേറ്റി ക്രൂ-ശിച്ചാർ.

2. വെള്ളിയതാംനാൾപീലാത്തോസ്-മൂഢജനത്തിൻ വിധിയെഴുതി
വെള്ളിയതാംനാൾ വിധിയേറ്റു-ദൈവത്തെ ക്രൂശിച്ചോരും

3. വെള്ളിയതാംനാൾ കുന്തത്താൽ-ജീവിതഹൃദയം ഭേദിച്ചു;
സകലജഗൽ പുണ്യപ്രദമാം-സോണിതവും ജലവും തൂകി.

4. വെള്ളിയതാംനാൾമൃതി കേണു-സ്നേഹിതനാം നീ-ചൻ പാഞ്ഞു
ഉയിരാന്നോൻ മൃതവാസത്തിൽ-തൽദ്രവ്യം മോഷ്ടിച്ചതിനാൽ.

5. വെള്ളിയതാംനാൾ നിയമിച്ചാ-സടയോനവനെ-പ്പൂങ്കാവിൽ,
അന്നാളിൽ താൻ മത്സരിയായ്-നഗ്നത പാപത്താ-ൽ പൂണ്ടു.

6. വെള്ളിയതാംനാൾ പറുദീസിൽ-ചേർത്തോൻസടയോ-നാദാമിനേ
വെള്ളിയതാംനാൾ ലജ്ജിതനാ-യംബരമായിലയേ-ചാർത്തി.

7. വെള്ളിയതാംനാൾ കേട്ടു നരൻ-തിന്നും നാൾമൃ-തനാമെന്ന്;
നിന്നാജ്ഞയെ ലംഘിച്ചിട്ടും-മൃതിപൂണ്ടില്ലുൾ-കൃപമൂലം.

8. വെള്ളിയതാംനാൾ കനിതിന്നോ-രാദ്യർ സ്വപദം-കൈവിട്ടു;
വെള്ളിയതാംനാൾ തരുവിൽ നി-ന്നീശനിറങ്ങി മൃ-തനായി.

9. വെള്ളിയതാംനാളാദിനരൻ-തൻപ്രഭയസ്തം-ഗതമായി
വെള്ളിയതാംനാൾ തരുവിട്ടാൻ-അണിയിച്ചോൻ ദ്യുതിയാദത്തെ

10. വെള്ളിയതാം നാളവനേദൻ-വിട്ടൂഴിയിൽ വൈദേശികനായ്
വെള്ളിയതാം നാളാദിമരും-അന്തിമരും ഭേദം പൂണ്ടു.

11. വെള്ളിയതാംനാൾ നാളീശകര-നിർമ്മിതനാദം പൂണ്ടുഭയം
വെള്ളിയതാംനാൾ ദേവേശൻ-മൃതനായിക്കബറിൽ പാർത്തു.

12. വെള്ളിയതാംനാൾ മൃഗജാലം-വരുമാദത്തെക്കണ്ടരുകിൽ;
വെള്ളിയതാംനാൾ പാതാളേ-രക്ഷകഭാസ്സാൽ മൃതരേറ്റു.

13. വെള്ളിയതാംനാൾ വിധിനാഥൻ-മൃതിവിധിയാദാ-മിന്നേകി;
വെള്ളിയതാംനാളമ്പുടയോൻ-താണുമൃതന്മാക്ക്യിരേകി.

14. വെള്ളിയതാംനാൾ പാനം ചെ-യ്താദാം ദ്രുതമാന്നൊരു കാസാ
വെള്ളിയതാംനാൾ പാനം ചെ-യ്തുടയോൻ തിരുവിഷ്ടക്കാ-സാ

15. വെള്ളിയതാംനാൾ പണിചെയ്‌വാൻ-ഭാഗ്യാരാമേ-ചെന്നാദാം
വെള്ളിയതാംനാൾ മൃതഗേഹം-ദോഷിസമം ജീവദനാർ-ന്നു

16. വെള്ളിയതാംനാൾ പരദേശ-പ്പാപ്പാൽ ദുഷ്ടൻ-വിഹസിച്ചു
വെള്ളിയതാംനാൾ മൃതമദ്ധ്യേ-അന്യന്തുല്യം വാ-ണീശൻ

17. വെള്ളിയതാംനാളാദത്തേ-ദുഷ്ടൻ താഴ്ത്തി-ടാനാഞ്ഞു;
വെള്ളിയതാംനാൾ നീതിസുതൻ-വഞ്ചകശീഷം ധൂ-ളിച്ചു.

18. വെള്ളിയതാംനാൾ മൃതതുല്യം-നാഥൻ പാതാ-ളം പൂകി
മുടിമാറ്റിയ മന്നവനൊപ്പം-ചതിവൻ തന്നൊളിവാ-രായ്‌വാൻ

19. വെള്ളിയതാംനാൾകൈവിട്ടാൻ-ശോഭനവസന-ത്തേയാദാം
വെള്ളിയതാംനാളവർ നീക്കി-സുതന്റെ മോഹനമാം വസ്ത്രം

20. വെള്ളിയതാംനാൾ ശിഷ്യന്മാർ-പകലോൻമറവായെന്നോത്തു
ഞായർദിനത്തിൽ ശാശ്വതമാം-സൂര്യൻ ജീവൻ പ്രാപിച്ചു.

## സൂമ്മോറോ

നീതിമാന്മാരുടെ കൂടാരത്തിൽ, മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദമെന്നു, ദാവീദുമുഖാന്തരം പരിശുദ്ധറൂഹാപാടി.

The song of glory and salvation, in the tabernacle of the roghteous, the Holy spirit through David-did sing.

### പ്രഭാതവായനകൾ

ഓറൈത്തായുടെ മൂന്നാം പുസ്തകത്തിൽ നിന്നും-ബാറെക്മോർ.

സൃഷ്ടികളുടെ ഉടയവനു സ്തുതിയും-നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

ലേവ്യപുസ്തകം 4: 1-7

യഹോവ പിന്നെയും മോശയോടു അരുളിചെയ്തതു: നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ചെയ്യരുതെന്നു യഹോവ കല്പിച്ചിട്ടുള്ള വല്ല കാര്യത്തിലും ആരെങ്കിലും അബദ്ധവശാൽ പിഴച്ചു ആ വക വല്ലതും ചെയ്താൽ-അഭിഷിക്തനായ പുരോഹിതൻ ജനത്തിൻമേൽ കുറ്റം വരത്തക്കവണ്ണം പാപം ചെയ്തു എങ്കിൽ താൻ ചെയ്ത പാപം നിമിത്തം അവൻ യഹോവക്കു പാപയാഗമായി ഊനമില്ലാത്ത ഒരു കാളക്കിടാവിനെ അർപ്പിക്കേണം. അവൻ ആ കാളയെ സമാഗമനകൂടാരത്തിന്റെ വാതിൽക്കൽ യഹോവയുടെ സന്നിധിയിൽ കൊണ്ടുവന്ന് കാളയുടെ തലയിൽ കൈവെച്ചു യഹോവയുടെ സന്നിധിയിൽ കാളയെ അറുക്കേണം. അഭിഷിക്തനായ പുരോഹിതൻ കാളയുടെ രക്തം കുറെയെടുത്ത് സമാഗമനകൂടാരത്തിൽ കൊണ്ടുവരേണം. പുരോഹിതൻ രക്തത്തിൽ വിരൽ മുക്കി യഹോവയുടെ സന്നിധിയിൽ വിശുദ്ധമന്ദിരത്തിന്റെ തിരശ്ശീലക്കു മുമ്പിൽ ഏഴുപ്രാവശ്യം തളിക്കേണം. പുരോഹിതൻ രക്തം കുറെ യഹോവയുടെ സന്നിധിയിൽ സമാഗമനകൂടാരത്തിലുള്ള സുഗന്ധവർഗ്ഗത്തിൻ ധൂപപീഠത്തിന്റെ കൊമ്പുകളിൽ പുരട്ടേണം; കാളയുടെ ശേഷം രക്തം മുഴുവനും സമാഗമനകൂടാരത്തിന്റെ വാതിൽക്കലുള്ള ഹോമയാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയേണം.

The lesson from the third book of the Kings, Barekhmor

Glory be to the Lord of Kings and His mercy be upon us for ever.

Leviticus 4 : 1-7

The Lord commanded Moses to tell the people of Israel that anyone who sinned and broke any of LORD's com-

mands without intending to would have to observe the following rules:

If it is the High Priest who sins and so brings guilt on the people, he shall present a young bull without any defects and sacrifice it to the LORD for his sin. He shall bring the bull to the entrance of the Tent, put his hand on its head, and kill it there in the LORD's presence. Then the High Priest shall take some of the bull's blood and carry it into the Tent. He shall dip his finger in the blood and sprinkle it in front of the sacred curtain seven times. Then he shall put some of the blood on the projections at the corners of the incense altar in the Tent. He shall pour out the rest of the blood at the base of the altar used for burning sacrifices, which is at the entrance of the Tent.

ഓറൈത്തായുടെ നാലാം പുസ്തകത്തിൽ നിന്നും-ബാറെക്മോർ.

സൃഷ്ടികളുടെ ഉടയവന്നു സ്തുതിയും-നമ്മുടെമേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

സംഖ്യാപുസ്തകം : 19 : 1-11

യഹോവ പിന്നെയും മോശയോടും അഹരോനോടും അരുളിച്ചെയ്തത് : യഹോവ കല്പിച്ച ന്യായപ്രമാണമെന്തെന്നാൽ : കളങ്കവും ഊനവുമില്ലാത്തതും നുകം വെക്കാത്തതുമായ ഒരു ചുവന്ന പശുക്കിടാവിനെ നിന്റെ അടുക്കൽ കൊണ്ടുവരുവാൻ യിസ്രായേൽമക്കളോടു പറക. നിങ്ങൾ അതിനെ പുരോഹിതനായ എലെയാസാരിന്റെ പക്കൽ ഏല്പിക്കേണം; അവൻ അതിനെ പാളയത്തിന്നു പുറത്തുകൊണ്ടുപോകയും ഒരുവൻ അതിനെ അവന്റെ മുമ്പിൽ വെച്ച് അറുക്കയും വേണം. പുരോഹിതനായ എലെയാസാർ വിരൽ കൊണ്ടു അതിന്റെ രക്തം കുറെ എടുത്തു സമാഗമനകൂടാരത്തിന്റെ മുൻഭാഗത്തിന്നു നേരേ ഏഴുപ്രാവശ്യം തളിക്കേണം. അതിന്റെ ശേഷം പശുക്കിടാവിനെ അവർ കാൺകെ ചുട്ടു ഭസ്മീകരിക്കേണം; അ

തിന്റെ തോലും മാംസവും രക്തവും ചാണകവും കൂടെ ചുടേണം. പിന്നെ പുരോഹിതൻ ദേവദാരു, ഈസോപ്പു, ചുവപ്പുനൂൽ എന്നിവ എടുത്തു പശുക്കിടാവിനെ ചുടുന്ന തീയുടെ നടുവിൽ ഇടേണം. അനന്തരം പുരോഹിതൻ വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ കഴുകിയശേഷം പാളയത്തിലേക്കു വരികയും സന്ധ്യവെരെ അശുദ്ധനായിരിക്കയും വേണം. അതിനെ ചുട്ടവനും വസ്ത്രം അലക്കി ദേഹം വെള്ളത്തിൽ കഴുകുകയും സന്ധ്യവെരെ അശുദ്ധനായിരിക്കയും വേണം. പിന്നെ ശുദ്ധിയുള്ള ഒരുത്തൻ പശുക്കിടാവിന്റെ ഭസ്മം വാരി പാളയത്തിനു പുറത്ത് വെടിപ്പുള്ള ഒരു സ്ഥലത്തു വെക്കേണം; അതു യിസ്രായേൽ മക്കളുടെ സഭെക്കുവേണ്ടി ശുദ്ധീകരണജലത്തിന്നായി സാക്ഷിച്ചു വെക്കേണം; അതു ഒരു പാപയാഗം. പശുക്കിടാവിന്റെ ഭസ്മം വാരിയവനും വസ്ത്രം അലക്കി സന്ധ്യവെരെ അശുദ്ധനായിരിക്കേണം; യിസ്രായേൽ മക്കൾക്കും അവരുടെയിടയിൽ വന്നുപാർക്കുന്ന പരദേശിക്കും ഇതു എന്നേക്കുമുള്ള ചട്ടമായിരിക്കേണം. യാതൊരു മനുഷ്യന്റേയും ശവം തൊടുന്നവൻ ഏഴുദിവസം അശുദ്ധൻ ആയിരിക്കേണം.

The lesson from the fourth book of the Kings, Barekhmor

Glory be to the Lord of Kings and His mercy be upon us for ever.

Numbers : 19 : 1-11

The LORD commanded Moses and Aaron to give the Israelites the following regulations. Bring to Moses and Aaron a red cow which has no defects and which has never been worked, and they will give it to Eleazar the Priest. It is to be taken outside the camp and killed in his presence. Then Elezar is to take some of its blood and with his finger sprinkle it seven times in the direction of the Tent. The whole animal, including skin, meat blood

and intestines, is to be buried in the presence of the priest. Then he is to take some cedar wood, a sprig of hyssop, and a red crod and throw them in to the fire. After that, he is to wash his clothes and pour water over himself, and then he may enter the camp; but he remains ritually unclean until evening. Then a man who is ritually clean is to collect the ashes of the cow and put them in ritually clean place outside the camp where they are to be kept for the Israelite community to use in preparing the water for removing ritual uncleanness. This ritual is performed to remove sin. The man who collected the ashes must wash his clothes, but he remains unclean until evening. This regulation is valid for all time to come, both for the Israelites and for the foreigners living among them. Whoever touches a corpse is ritually unclean for seven days.

രാജാക്കന്മാരുടെ പുസ്തകത്തിൽ നിന്നും-ബാറെക്മോർ

രാജാക്കന്മാരുടെ ഉടയവനു സ്തുതിയും-നമ്മുടെമേൽ തന്റെ അനുഗ്ര ഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

2 രാജാക്കന്മാർ 19 : 20-29

ആമോസിന്റെ മകനായ യെശയ്യാവു ഹിസ്ക്കിയാവിന്റെ അടുക്കൽ പറഞ്ഞയച്ചതു എന്തെന്നാൽ : യിസ്രായേലിന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു നീ അശ്ശൂർ രാജാവായ സൻഹേരിബിൻ നിമിത്തം എന്നോടു പ്രാത്ഥിച്ചതു ഞാൻ കേട്ടു. അവനെക്കുറിച്ചു യഹോവ അരുളി ചെയ്ത വചനമാവിതു : സീയോൻ പുത്രിയായ കന്യക നിന്നെ നിന്ദിച്ചു പരിഹസിക്കുന്നു; യരുശലേം പുത്രി നിന്റെ പിന്നാലെ തല കുലുക്കുന്നു. നീ ആരെയാകുന്നു നിന്ദിച്ചു ദുഷിച്ചതു? ആക്കു വിരോധമായിട്ടാകുന്നു നീ ഒച്ചപൊക്കുകയും തല ഉന്നതമായി ഉയത്തുകയും ചെയ്തത്? യിസ്രായേലിന്റെ പരിശുദ്ധനു വിരോധമായിട്ടു തന്നേയല്ലോ. നിന്റെ ദൂതന്മാർ മുഖാ

ന്തരം നീ കർത്താവിനെ നിന്ദിച്ചു: എന്റെ അസംഖ്യ രഥങ്ങളോടുകൂടെ ഞാൻ മലമുകളിലും ലെബാനോന്റെ ശിഖരങ്ങളിലും കയറിയിരിക്കുന്നു; അതിലെപൊക്കമുള്ളദേവദാരുക്കളും വിശേഷമായ സരളവൃക്ഷങ്ങളും ഞാൻ മുറിക്കും; അതിന്റെ അറ്റത്തെ പാർപ്പിടം വരെയും ചെഴിപ്പുള്ള കാടുവെരെയും ഞാൻ കടന്നുചെല്ലും. ഞാൻ അന്യജലം കുഴിച്ചെടുത്തു കുഴിക്കും. എന്റെ കാലടികളാൽ മിസ്രയീമിലെ സകല നദികളെയും വറ്റിക്കും എന്നു പറഞ്ഞു. ഞാൻ പണ്ടു പണ്ടേ അതിനെ ഉണ്ടാക്കി, പൂർവ്വകാലത്തു തന്നേ അതിനെ നിർമ്മിച്ചു എന്നു നീ കേട്ടിട്ടില്ലയോ? നീ ഉറപ്പുള്ള പട്ടണങ്ങളെ ശൂന്യകൂമ്പാരങ്ങളാക്കുവാൻ ഞാൻ ഇപ്പോൾ സംഗതി വരുത്തിയിരിക്കുന്നു. അതുകൊണ്ടു അവയിലെ നിവാസികൾ ദുർബ്ബലന്മാരായി വിരണ്ടു അമ്പരന്നുപോയി; അവർ വയലിലെ പുല്ലും പച്ചച്ചെടിയും പുപ്പുറങ്ങളിലെ പുല്ലും വളരുമ്മുമ്പേ കരിഞ്ഞുപോയ ധാന്യവും പോലെ ആയിത്തീർന്നു. എന്നാൽ നിന്റെ ഇരിപ്പും നിന്റെ ഗമനവും ആഗമനവും എന്റെ നേരെയുള്ള നിന്റെ കോപഭ്രാന്തും ഞാൻ അറിയുന്നു. എന്റെ നേരെയുള്ള നിന്റെകോപഭ്രാന്തുകൊണ്ടും നിന്റെ അഹങ്കാരം എന്റെ ചെവിയിൽ എത്തിയിരിക്കുന്നതുകൊണ്ടും ഞാൻ എന്റെ കൊളുത്തു നിന്റെ മൂക്കിലും എന്റെ കടിഞ്ഞാൻ നിന്റെ അധരങ്ങളിലും ഇട്ടു, നീ വന്നവഴിക്കു നിന്നെ മടക്കികൊണ്ടുപോകും. എന്നാൽ ഇതു നിനക്കു അടയാളം ആകും; നിങ്ങൾ ഈ ആണ്ടിൽ പടുവിത്തു വിളയുന്നതും രണ്ടാം ആണ്ടിൽ താനേ കിളർത്തു വിളയുന്നതും തിന്നും; മൂന്നാം ആണ്ടിൽ നിങ്ങൾ വിതച്ചു കൊയ്യുകയും മുന്തിരിത്തോട്ടം ഉണ്ടാക്കി അവയുടെ പഴം തിന്നുകയും ചെയ്യും.

The lesson from the book of the Kings, Barekhmor

Glory be to the Lord of Kings and His mercy be upon us for ever.

2 Kings: 19: 20-29
Then Isaiah sent a message telling King Hezekiah that in answer to the King's prayer the LORD had said, The city of Jerusalem laughs at you, Sennacherib, and makes fun

of you. Whom do you think you have been insulting and ridiculing? You have been disrespectful to me, the holy God of Israel. You sent your messengers to boast to me that with all your chariots you had conquered the highest mountains of Lebanon. You boasted that there you cut down the tallest cedars and the finest cypress trees and that you dug wells and drank water in foreign lands and that the feet of your soldiers tramped the Nile River dry.

Have you never heard that I planned all this long ago? And now I have carried it out. I gave you the power to turn fortified cities into piles of rubble. The people who lived there were powerless; they were frightened and stunned. They were like grass in a field or weeds growing on a roof when the hot east wind blasts them.

"But I know everything about you, what you do and where you go. I know how you rage against me. I have received the report of that rage and that pride of yours, and now will put a hook through your nose and a bit in your mouth, and take you back by the same road you came."

Then Isaiah said to King Hezekiah,, "Here is a sign of what will happen. This year and next you will have only wild grain to eat, but the following year you will be able to plant your grain and harvest it, and plant vines and eat grapes.

സെഖ്യ്ആവു പ്രവാചകന്റെ പുസ്തകത്തിൽ നിന്നും-ബാറെക്മോർ

പ്രവാചകന്മാരുടെ ഉടയവന്ന സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

സഖറിയ 13 : 7 - 14 : 5
വാളേ, എന്റെ ഇടയന്റെ നേരേയും കൂട്ടാളിയായ പുരുഷന്റെ നേരേയും ഉണരുക എന്നു സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടു; ആടുകൾ ചിതറിപ്പോകേണ്ടതിന്നു ഇടയനെ വെട്ടുക; ഞാൻ ചെറിയവരുടെ നേരേ കൈ തിരിക്കും. എന്നാൽ സർവ്വദേശത്തിലും മൂന്നിൽ രണ്ടംശം ഛേദിക്കപ്പെട്ടു പ്രാണനെ വിടും; മൂന്നിൽ ഒരംശം ശേഷിച്ചിരിക്കും എന്നു യഹോവയുടെ അരുളപ്പാടു. മൂന്നിൽ ഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളിഊതി കഴിക്കുന്നതുപോലെ അവരെ ഊതികഴിക്കും; പൊന്നു ശോധന കഴിക്കുന്നതുപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കയും ഞാൻ അവൎക്കു ഉത്തരമരുളുകയും ചെയ്യും; അവർ എന്റെ ജനം എന്നു ഞാൻ പറയും; യഹോവ എന്റെ ദൈവം എന്നു അവരും പറയും.

അവർ നിന്റെ നടുവിൽ വെച്ചു നിന്റെ കൊള്ള വിഭഗിപ്പാനുള്ള യഹോവയുടെ ഒരു ദിവസം വരുന്നു. ഞാൻ സകല ജാതികളേയും യെരുശലേമിനോടു യുദ്ധത്തിനായി കൂട്ടി വരുത്തും; നഗരം പിടിക്കപ്പെടുകയുംവീടുകളെകൊള്ളയിടുകയും സ്ത്രീകളെ വഷളാക്കുകയും നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോകയും ചെയ്യും; ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽ നിന്നു ഛേദിക്കപ്പെടുകയില്ല. എന്നാൽ യഹോവ പുറപ്പെട്ടു, താൻ യുദ്ധ ദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യെരുശലേമിനെതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും; ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളൎന്നു പോകും; ഏറ്റവും വലിയ ഒരു താഴ്വര ഉളവായ്വരും; മലയുടെ ഒരു പാതി വടക്കോട്ടും മറ്റെപാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്വര ആസൽവെരെ എത്തുന്നതുകൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്വരയിലേക്കു ഓടിപ്പോകും; യെഹൂദാ രാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോല നിങ്ങൾ ഓടിപ്പോകും; എന്റെ ദൈവമായ യഹോവയും തന്നോടുകൂടെ സകല വിശുദ്ധന്മാരും വരും.

The lesson from the book of the Prophet Zechariah, Barekhmor.

Glory be to the Lord of the Prophet, and His mercy be upon us for ever.

Zechariah: 13: 7 – 14: 5
The LORD Aalmighty says, “Wake up sword, and attack the shepherd who works for me! Kill him, and the sheep will be scattered. I will attack my people and through out the land two-thirds of the people will die. And I will test the third that survives and will purify them as silver is purified by fire. I will test them as gold is tested. Then they will pray to me, and I will answer them. I will tell them that they are my people, and they will confess that I am their God.”

The day when the LORD will sit in judgment is near. Then Jerusalem will be looted, and the loot will be divided up before your eyes. The LORD will bring all the nations together to make war on Jerusalem. The city will be taken, the houses looted, and the women raped. Half of the people will go exile, but the rest of them will not be taken away from the city. Then the LORD will go out and fight againt those nations, as he has fought in times past. At that time he will stand on the Mount of Olives, to the east of Jerusalem. Then the Mount of Olives will be split in two from east to west by a large valley. Half of the Mountain will move northward and half of it Southward. You will escape through this valley that divides the mountain in two. You will flee as your ancestors did when the earthquake struck in the time of King Uzziha of Judah. The LORD my God will come, bringing all the angels with him.

ഹബക്കൂക്ക് പ്രവാചകന്റെ പുസ്തകത്തിൽ നിന്നും-ബാറെക്മോർ

പ്രവാചകന്മാരുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

ഹബക്കൂക്ക് 1 : 1-12
ഹബക്കൂക്ക്പ്രവാചകൻദർശിച്ച പ്രവാചകം.യഹോവേ, എത്രത്തോളം ഞാൻ അയ്യം വിളിക്കയും നീ കേൾക്കാതിരിക്കയും ചെയ്യും? സാഹസം നിമിത്തം ഞാൻ എത്രത്തോളം നിന്നോടു നിലവിളക്കയും നീ രക്ഷിക്കാതിരിക്കയും ചെയ്യും? നീ എന്നെ നീതികേടുകാണുമാറാകുന്നതും പീഡനം വെറുതെ നോക്കുന്നതും എന്തിന്? കവർച്ചയും സാഹസവും എന്റെ മുമ്പിലുണ്ടു; കലഹം നടക്കുന്നു; ശൺഠ ഉളവായ് വരും. അതുകൊണ്ടു ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരുനാളും വെളിപ്പെട്ടുവരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടു ന്യായം വക്രതയായി വെളിപ്പെട്ടുവരുന്നു. ജാതികളുടെ ഇടയിൽ ദൃഷ്ടിവെച്ചു നോക്കുവിൻ! ആശ്ചര്യപ്പെട്ടു വിസ്മയിപ്പിൻ! ഞാൻ നിങ്ങളുടെ കാലത്തു ഒരു പ്രവൃത്തി ചെയ്യും; അതു വിവരിച്ചുകേട്ടാൽ നിങ്ങൾ വിശ്വസിക്കുകയില്ല. ഞാൻ ഉഗ്രതയും വേഗതയുമുള്ള ജാതിയായ കല്ദയരെ ഉണർത്തും; അവർ തങ്ങളുടേതല്ലാത്ത വാസസ്ഥലങ്ങളെ കൈവശമാക്കേണ്ടതിന്നു ഭൂതലത്തിൽ നീളെ സഞ്ചരിക്കുന്നു. അവർ ഘോരവും ഭയങ്കരവുമായുള്ളവർ; അവരുടെ ന്യായവും ശ്രേഷ്ഠതയും അവരിൽ നിന്നു തന്നെ പുറപ്പെടുന്നു. അവരുടെ കുതിരകൾ പുള്ളിപുലികളേക്കാൾ വേഗതയും വൈകുന്നേരത്തെ ചെന്നായ്ക്കളെക്കാൾ ഉഗ്രതയുമുള്ളവ; അവരുടെ കുതിരചേവകർ ഗർവ്വിച്ചോടിക്കുന്നു. അവരുടെ കുതിരചേവകർ ദൂരത്തു നിന്നു വരുന്നു; തിന്നുവാൻ ബദ്ധപ്പെടുന്ന കഴുകനെപ്പോലെ അവർ പറന്നു വരുന്നു. അവർ ഏവരും സംഹാരത്തിനായി വരുന്നു; അവരുടെ മുഖം മുമ്പോട്ടു ബദ്ധപ്പെടുന്നു; അവർ മണൽപോലെ ബദ്ധന്മാരെ പിടിച്ചു ചേർക്കുന്നു. അവർ രാജാക്കന്മാരെ പരിഹസിക്കുന്നു; പ്രഭുക്കന്മാർ അവർക്കു ഹാസ്യമായിരിക്കുന്നു; അവർ ഏതു കോട്ടയേയും കുറിച്ചു ചിരിക്കുന്നു; അവർ മണ്ണു കുന്നിച്ചു അതിനെ പിടിക്കും. അന്നു അവൻ കാറ്റു

പോലെ അടിച്ചു കടന്നു അതിക്രമിച്ചു കുറ്റക്കാരനായ്തീരും; സ്വന്ത ശക്തിയല്ലോ അവന്നു ദൈവം. എന്റെ ദൈവമായ യഹോവേ, നീ പുരാതനമേ എന്റെ പരിശുദ്ധനല്ലയോ? ഞങ്ങൾ മരിക്കയില്ല; യഹോവേ, നീ അവനെ ന്യായവിധിക്കായി നിയമിച്ചിരിക്കുന്നു; പാറയായുള്ളോവേ ശിക്ഷയ്ക്കായ് നീ അവനെ നിയോഗിച്ചിരിക്കുന്നു.

The lesson from the book of the Prophet Habakkuk, Barekhmor.
Glory be to the Lord of the Prophet, and His mercy be upon us for ever.

Habakkuk: 1: 1-12
This is the message that the LORD revealed to the prophet Habakkuk.

O LORD, how long must I call for help before you listen, before you save us from violence? Why do you make me see such trouble? How can you stand to look on such wrong doing? Destruction and violence are all around me, and there is fighting and quarreling everywhere. The law is weak and useless, and justice is never done. Evil men get the better of the righteous, and so justice is perverted.

Then the LORD said to his people, keep watching the nations around you, and you will be astonished at what you see. I am going to do something that you will not believe when you hear about it. I am bringing the Babylonians to power those fierce, restless people. They are marching out across the world to conquer other lands, They spread fear and terror, and in their pride they a law to themselves.

Their horses are faster than leopards, fiercer than hungry wolves. Their horsemen come riding from distant lands; their horses paw the ground. They come swooping down like eagles attacking their prey.

Their armies advance in violent conquest and everyone is terrified as they approach. Their captives are as numerous as grains of sand. They treat kings with contempt and laugh at high officials. No fortress can stop them-they pile up earth against it and capture it. Then they sweep on like the wind and are gone, these men whose power is their god.

LORD, from the very beginning you are God. You are my God, holy and eternal. LORD, my God and protector, you have chosen the Babylonians and made them strong so that they can punish us.

യെഹെസ്കൽ പ്രവാചകന്റെ പുസ്തകത്തിൽനിന്നും-ബാറെക്മോർ

പ്രവാചകന്മാരുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കുമുണ്ടായിരിക്കട്ടെ.

യെഹെസ്കൽ 13 : 17-22

നീയോ, മനുഷ്യപുത്രാ, സ്വന്തവിചാരം പ്രവചിക്കുന്നവരായ നിന്റെ പുത്രിമാരുടെ നേരെ നിന്റെ മുഖം തിരിച്ചു അവക്കു വിരോധമായി പ്രവചിച്ചു പറയേണ്ടതെന്തെന്നാൽ : യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു ദേഹികളെ വേട്ടയാടേണ്ടതിന്നു കയ്യേപ്പുകൾക്കു ഒക്കെയും രക്ഷകളും ഏതു പൊക്കത്തിലുള്ളവരുടെ തലെക്കു തക്ക മൂടുപടങ്ങളും ഉണ്ടാക്കുന്ന സ്ത്രീകൾക്കു അയ്യോ കഷ്ടം! നിങ്ങൾ എന്റെ ജനത്തിൽ ചില ദേഹികളെ വേട്ടയാടികൊല്ലുകയും നിങ്ങളുടെ ആദായത്തിനായി ചില ദേഹികളെ ജീവനോടെ രക്ഷിക്കയും ചെയ്യുന്നു. മരിക്കരുതാത്ത ദേഹികളെ കൊല്ലേണ്ടതിനും ജീവച്ചിരിക്കരുതാത്ത ദേഹികളെ ജീവനോടെ ര

ക്ഷിക്കേണ്ടതിന്നും നിങ്ങൾ, ഭോഷ്കു കേൾക്കുന്ന എന്റെ ജന ത്തോടെ ഭോഷ്കു പറയുന്നതിനാൽ എന്റെ ജനത്തിന്റെ ഇടയിൽ ഒരു പിടി യവത്തിന്നും ഒരു അപ്പകഷണത്തിന്നും വേണ്ടി എന്നെ അസുദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ടു യഹോവയായ കർത്താ വു ഇപ്രകാരം അരുളിചെയ്യുന്നു : ദേഹികളെ പറവജാതികളെപ്പോ ലെ വേട്ടയാടുന്ന നിങ്ങളുടെ രക്ഷകൾക്കു ഞാൻ വിരോധമായിരി ക്കുന്നു; ഞാൻ അവയെ നിങ്ങളുടെ ഭുജങ്ങളിൽ നിന്നു പറിച്ചു കീ റി, ദേഹികളെ നിങ്ങൾ പറവജാതികളെപ്പോലെ വേട്ടയാടുന്ന ദേ ഹികളെ തന്നേ വിടുവിക്കും. നിങ്ങളുടെ മൂടുപടങ്ങളേയും ഞാൻ പറിച്ചുകീറി എന്റെ ജനത്തെ ഞാൻ നിങ്ങളുടെ കയ്യിൽ നിന്നു വി ടുവിക്കും; അവർ ഇനി നിങ്ങളുടെ കൈക്കൽ വേട്ടയായിരിക്കയില്ല; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. ഞാൻ ദുഃഖിപ്പിക്കാത്ത നീതിമാന്റെ ഹൃദയത്തെ നിങ്ങൾ വ്യാജങ്ങളെ കൊണ്ടു ദുഃഖിപ്പി ക്കയും തന്റെ ദുർമ്മാർഗ്ഗം വിട്ടു തിരിഞ്ഞു ജീവരക്ഷ പ്രാപിക്കാതവ ണ്ണം ദുഷ്ടനെ നിങ്ങൾ ധൈര്യപ്പെടുത്തുകയും ചെയ്യുന്നതുകൊ ണ്ടു നിങ്ങൾ ഇനി വ്യാജം ദർശിക്കയോ പ്രശ്നം പറകയോ ചെയ്കയി ല്ല; ഞാൻ എന്റെ ജനത്തെ നിങ്ങളുടെ കയ്യിൽ നിന്നു വിടുവിക്കും; ഞാൻ യഹോവ എന്നു നിങ്ങൾ അറിയും.

The lesson from the book of the Prophet Ezekiel, Barekhmor.
Glory be to the Lord of the Prophet, and His mercy be upon us for ever.

Ezekiel: 13: 17-22
The LORD said, "Now, mortal man, look at the women among your people who make up predictions. Denounce them and tell them what the Sovereign LORD is saying to them.

"You women are doomed! You sew magic wristbands for everyone and make magic scarves for

everyone to wear on their heads, so that they can have power over other people,s lives. You want to possess the power of life and death over my people and use it for your own benefit. You dishonor me in front of my people in order to get a few handfuls of barley and a few pieces of bread. You kill people who don't deserve to live. So you tell lies to my people, and they believe you."

Now this is what the sovereign LORD says: I hate the wristbands that you use in your attempt to control life and death. I will rip them off your arms and set free the people that you were controlling. I will rip off your scarves and let my people escape from your power once and for all. Then you will know that I am the LORD.

"By your lies you discourage good people, whom I do not wish to hurt. You prevent evil people from giving up evil and saving their lives. So now your false visions and misleading predictions are over. I am rescuing my people from your power, so that you will know that I am the LORD.

ഭൂവിലശേ-ഷം ദൈവത്താൽ പ്രേരിതരായ
ശ്ലീഹന്മാർ പോയ് ജാതികളിടയിൽ
ഭൂതലസീമയിത്തോളം നല്ലേവൻ ഗേല്യോൻ
കൈക്കൊൾവോ-ക്കൊക്കെയെഴും
ഭാഗ്യമിതെ-ന്നറിയിച്ചു. സ്വർഗ്ഗമഹാ-രാജ്യം

Those Apostles
Chosen, sent by God, they went-
to ev'ry place Through all the world,
Gentiles heard from them the news,
The Gospel grace. They proclaimed-the kingdom,
Heav'ns rule-of freedom  For the faithful bliss.

പരിശുദ്ധ ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകത്തിൽ നിന്നും ;
ഹാബീബായ്-ബാറെക്മോർ

The lesson from the Acts of the Holy Apostles
Habibai, Barekhmor

ശ്ലീഹന്മാരുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Glory be to the Lord of the Apostles, and His mercy upon us-for ever.

അപ്പോ.പ്ര: 22 : 30 - 23 : 16,

പിറ്റെന്നു യെഹൂദന്മാർ പൌലൊസിന്റെ മേൽ ചുമത്തുന്ന കുറ്റത്തിന്റെ സൂക്ഷ്മം അറിവാൻ ഇച്ഛിച്ചിട്ടു അവൻ മഹാപുരോഹിതന്മാരും ന്യായധിപസംഘം ഒക്കെയും കൂടി വരുവാൻ കല്പിച്ചു അവനെ കെട്ടഴിച്ചു താഴെ കൊണ്ടുചെന്നു അവരുടെ മുമ്പിൽ നിറുത്തി.

പൌലൊസ് ന്യായാധിപസംഘത്തെ ഉറ്റുനോക്കി: സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടും കൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു. അപ്പോൾ മഹാപുരോഹിതനായ അനന്യാസ് അരികെ നിൽക്കുന്നവരോടു അവന്റെ വായിക്കു അടിപ്പാൻ കല്പിച്ചു. പൌലൊസ് അവനോടു: ദൈവം നിന്നെ അടിക്കും, വെള്ളതേച്ച ചുവരേ; നീ ന്യായപ്രമാണപ്രകാരം എന്നെ വിസ്തരിപ്പാൻ ഇരിക്കയും ന്യായപ്രമാണത്തിന്നു വിരോധമായി എന്നെ അടിപ്പാൻ കല്പിക്കയും ചെയ്യുന്നുവോ എന്നു പറഞ്ഞു. അരികെ നിൽക്കുന്നവർ: നീ ദൈവത്തിന്റെ മഹാപുരോഹിതനെ ശകാരിക്കുന്നുവോ എന്നു ചോദിച്ചു. അതിന്നു പൌലൊസ്: സഹോദരന്മാരേ, മഹാപുരോഹിതൻ എന്നു ഞാൻ അറിഞ്ഞില്ല; “നിന്റെ ജനത്തിന്റെ അധിപതിയെ ദുഷിക്കരുത് എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. എന്നാൽ ന്യായാധിപസംഘത്തിൽ ഒരുപക്ഷം സദൂക്യരും ഒരുപക്ഷം പരീശന്മാരും ആകുന്നു എന്നു പൌലൊസ് അറിഞ്ഞു: സഹോദരന്മാരേ, ഞാൻ ഒരു പരീശനും പരീശന്മാരുടെ മകനും ആകുന്നു; മരിച്ചവരുടെ പ്രത്യാശയെയും പുനരുത്ഥാനത്തെയുംക്കുറി

ച്ചു ഞാൻ വിസ്താരത്തിലായിരിക്കുന്നു എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു പറഞ്ഞപ്പോൾ പരീശന്മാരും സാദൂക്യരും തമ്മിൽ ഇടഞ്ഞു. സംഘം ഛിദ്രിച്ചു. പുനരുത്ഥാനം ഇല്ല ദൂതനും ആത്മാവും ഇല്ല എന്നു സാദൂക്യർ പറയുന്നു; പരീശന്മാരോ രണ്ടും ഉണ്ടെന്നു പ്രമാണിക്കുന്നു. അങ്ങിനെ വലിയ ഒരു നിലവിളി ഉണ്ടായി; പരീശപക്ഷത്തിലെ ശാസ്ത്രിമാരിൽ ചിലർ എഴുന്നേറ്റ് വാദിച്ചു: ഈ മനുഷ്യനിൽ ഞങ്ങൾ ഒരു കുറ്റവും കാണുന്നില്ല; ഒരാത്മാവോ ഒരു ദൂതനോ അവനോടു സംസാരിച്ചു എന്നു വന്നേക്കാം എന്നു പറഞ്ഞു അങ്ങിനെ വലിയ ഇടച്ചിൽ ആയതുകൊണ്ടു അവർ പൌലൊസിനെ ചീന്തിക്കളയും എന്നു സഹസ്രാധിപൻ പേടിച്ചു, പടയാളികൾ ഇറങ്ങിവന്നു അവനെ അവരുടെ നടുവിൽ നിന്നു പിടിച്ചെടുത്തു കോട്ടയിൽ കൊണ്ടുപോകുവാൻ കല്പിച്ചു.

രാത്രിയിൽ കർത്താവു അവന്റെ അടുക്കൽ നിന്നു: ധൈര്യമായിരിക്ക; നീ എന്നെക്കുറിച്ചു യെരുശലേമിൽ സാക്ഷീകരിച്ചതു പോലെ റോമയിലും സാക്ഷികരിക്കേണ്ടാകുന്നു എന്നു അരുളിച്ചെയ്തു.

നേരം വെളുത്തപ്പോൾ ചില യെഹൂദന്മാർ തമ്മിൽ യോജിച്ചു പൌലൊസിനെ കൊന്നുകളയുവോളം ഒന്നും തിന്നുകയോ കുടിക്കയോ ചെയ്കയില്ലാ എന്നു ശപഥം ചെയ്തു. ഈ ശപഥം ചെയ്തവർ നാല്പതിൽ അധികം ആയിരുന്നു. അവർ മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടെയും അടുക്കൽ ചെന്നു: ഞങ്ങൾ പൌലൊസിനെ കൊന്നുകളയുവോളം ഒന്നും ആസ്വദിക്കയില്ല എന്നൊരു കഠിന ശപഥം ചെയ്തിരിക്കുന്നു. ആകയാൽ നിങ്ങൾ അവന്റെ കാര്യം അധികം സൂക്ഷ്മത്തോടെ പരിശോധിക്കേണം എന്നുള്ള ഭാവത്തിൽ അവനെനിങ്ങളുടെ അടുക്കൽ താഴെ കൊണ്ടുവരുവാൻ ന്യായാധിപ സംഘവുമായി സഹസ്രാധിപനോടപേക്ഷിപ്പിൻ; എന്നാൽ അവൻ സമീപിക്കും മുമ്പേ ഞങ്ങൾ അവനെ ഒടുക്കികളവാൻ ഒരുങ്ങിയിരിക്കുന്നു എന്നു പറഞ്ഞു. ഈ പതിയിരിപ്പിനെക്കുറിച്ചു പൌലൊസിന്റെ പെങ്ങളുടെ മകൻ കേട്ടിട്ടു ചെന്നു കോട്ടയിൽ കടന്നു പൌലൊസിനൊടു അറിയിച്ചു. ഹാബീബായ്-ബാറെക്മോർ

The Acts of the Apostles: 22 : 30 - 23 : 16

The commander wanted to find out for sure what the Jews were accusing Paul of; so the next day he had Paul's chains taken off and ordered the chief priests and the whole Council to meet. Then he took Paul and made him stand before them.

Paul looked straight at the Council and said, "My fellow Israelites! My conscience is perfectly clear about the way in which I have lived before God to this very day. The High Priest Ananias ordered those who were standing close to Paul to strike him on the mouth. Paul said to him, God will certainly strike you – you whitewashed wall! You sit there to judge me according to the law yet you break the law by ordering them to strike me!"

The men close to Paul said to him, "You are insulting God's High Priest!"

Paul answered, "My fellow Israelites, I did not know that he was the High Priest. The scriputure says, 'You must not speak evil of the ruler of your people.'"

When Paul saw that some of the group were Sadducees and the others were Pharisees, he called out in the council, "Fellow Israelites! I am a Pharisees, the son of Pharisees, I am on trial here because of the hope I have that dead will rise to life.!"

As soon as he said this, the Pharisees and Sadducees started to quarrel, and the group was divided. (For the Sadducees say that people will not raise from death and that there are no angels or spirit, but the Pharisees believe in all three) The shouting become louder, and some of the teachers of the law who belonged to the party of Pharisees stood up and protested strongly; We can not

find anything wrong with this man! Perhaps a spirit or an angel really did speak to him!"

The argument became so violent that the commander was afraid that Paul would be torn to pieces. So he ordered his soldiers to go down into the group get Paul away from them, and make him into the fort.

That night the Lord stood by Paul and said, "Don't be afraid! You have given your witness for me here in Jerusalem, and you must also do the same in Rome."

The next morning some Jews met together and made a plan. They took a vow that they would not eat or drink until they had killed Paul. There were more than forty who planned this together. Then they went to the Chief priests and elders and said, " We have taken a solomn vow together  not to eat a thing until we have killed Paul. Now then, you and the Council send word to the Roman Commander to bring Paul down to you, preteending that you want to get more accurate information about him. But we will be ready to kill him before he ever gets here.

But the son of Paul's sister heard about the plot; so he went to the fort and told Paul. Then paul called one of the officers and said to him, "Take this young man to the Commander; he something to tell him." The officer took him , led him to the Commander, and said "The prisoner Paul called me and asked me to bring this young man to you, because he has something to say to you."

The commander took him by the hand, led him off by himself, and asked him, "What do you have to tell me?"

He said, “The Jewish authorities have agreed to ask you tomorrow to take Paul down to the Council, pretending that the Council wants to get more accurate information about him. But don’t listen to them, because there are more than forty men who will be hiding and waiting for him. They have taken a vow not to eat or drink until they have killed him. They are now ready to do it and are waiting for your decision.

The Commander said, “Don’t tell anyone that you have reported this to me.” And he sent the young man away.

പൗ-ലോസ് ശ്ലീഹാ-ധന്യൻ ചൊൽ  കേട്ടേ-നിതേ-വം
നിങ്ങളെ ഞങ്ങളറിച്ചതൊഴി-ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമാദൂതൻ താനേൽക്കും സഭയിൻ ശാപം
പലതരമുപദേശങ്ങളഹോ പാരിൽ മുളച്ചു പരക്കുന്നു
ദൈവത്തിന്നുപദേശം തൊ-ട്ടവസാനിപ്പിപ്പോൻ ധ-ന്യൻ

Paul the blessed-

Saint, the Lord’s Apostle, said If one come
to preach to you Other doctrine than we know,
Be he man or angel bright, Curs’d be he in Churchs sight;
Doctrines all diverse arise, Shooting up with first and last
Trusts God’s truth and holds it fast.

പൗലോസ്ശ്ലീഹാ കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ നിന്നും : ആഹായ്-ബാറെക്മോർ.

The first lesson from the Epistle of St. Paul, the Apostle, to the Corinthians Ahai Barekhmor.

പ്രതിവാക്യം: ശ്ലീഹായുടെ ഉടയവനു സ്തുതിയും-നമ്മുടെ മേൽ
തന്റെ അനുഗ്രഹങ്ങളും-എന്നേക്കും ഉണ്ടായിരിക്കട്ടെ

Response: Praise be to the Lord of Apostle, and His mercy be upon us for ever.

1. കൊരിന്ത്യർ 1 : 18-31
ക്രൂശിന്റെ വചനം നശിച്ചു പോകുന്നവൎക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയുമാകുന്നു.

"ജ്ഞാനികളുടെ ജ്ഞാനം ഞാൻ നശിപ്പിക്കയും ബുദ്ധിമാന്മാരുടെ ബുദ്ധി ദുൎബ്ബലമാക്കുകയും ചെയ്യും"

എന്നു എഴുതിയിരിക്കുന്നുവല്ലോ. ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? ഈ ലോകത്തിലെ താൎക്കികൻ എവിടെ? ലോകത്തിന്റെ ജ്ഞാനം ദൈവം ഭോഷത്വമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി. യഹൂദന്മാർ അടയാളം ചോദിക്കയും യവനന്മാർ ജ്ഞാനം അന്വേഷിക്കയും ചെയ്യുന്നു; ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു. യെഹൂദന്മാൎക്കു ഇടൎച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും യെഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ വിളിക്കപ്പെട്ട ഏവൎക്കും ദൈവശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെത്തന്നേ. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരെക്കാൾ ജ്ഞാനമേറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരെക്കാൾ ബലമേറിയതുമാകുന്നു.

സഹോദരന്മാരെ നിങ്ങളുടെ വിളിയെ നോക്കുവിൻ: ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല, ബലവാന്മാർ ഏറെയില്ല കുലീനന്മാരും ഏറെയില്ല. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനമായതും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു; ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ. നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു. അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീൎന്നു.

"പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ" എന്നു എഴുതിയിരിക്കുന്നതുപോലെ ആകേണ്ടതിന്നു തന്നേ.

1 Corinthians 1 : 18-31
For the messge about Christ's death on the cross is nonsense to those who are being lost; but for us who are being saved it is God's power. The scriputure says, I will destory the wisdom of the wise and set aside the understanding of the scholars."

So then, where does that leave the wise? Or the scholars? Or the sillful debaters of this world? God has shown that this world's wisdom is foolishness!

For God in his wisdom made it impossible for people to know him be means of their own wisdom. Instead, by means of the so-called "foolish" message we preach, God decided to save those who believe. Jews want miracles for proof, and Greek look for wisdom. As for us, we proclaim the crucified Christ, a message that is offensive to the Jews and nonsense to the Gentiles; but for those whom God has called, both jews and Gentiles, this message is Christ, who is the power of God and the wisdom of God. For what seems to be God's foolishness is wiser than human wisdom, and what seems to be God's weakness is stronger than human strength.

Now remember what you were, my brothers, when God called you. From the human point of view few of you were wise or powerful or of high social standing. God purposely chose what the world considers nonsense in order to shame the wise, and he chose what the world considers weak in order to shame the powerful. He chose what the world looks down on and despises and thinks is

nothing, in order to destroy what the world thinks is important. This means that no one can boast in God's presence. But God has brought you into union with Christ Jesus, and God has made Christ to be our wisdom. By him we are put right with God; we become God's holy people and are set free. So then, as the scripture says "Whoever wants to boast must boast of what the Lord has done."

## ഏവൻഗേലിയോൻ

### (പെസ്ഗോമോ)

ഹാലേലൂയ്യ-ഹാലേലൂയ്യ ഞാനറിയിക്കും മൽപാദുകമേദോമിൽ
ഞാനട്ടഹസിക്കും പലസ്തീനിൽ ഹാലേലൂയ്യ

നാം അടക്കത്തോടും ഭയത്തോടും വണക്കത്തോടും ചെവികൊടുത്ത് നമ്മുടെ മുമ്പാകെ വായിക്കപ്പെടുന്ന നമ്മുടെ കർത്താവേശുമ്ശിഹായുടെ വിശുദ്ധ ഏവൻഗേലിയോനിലെ, ദൈവത്തിന്റെ ജീവനുള്ള വചനങ്ങളുടെ അറിയിപ്പിനെ കേൾക്കണം.

With calmness and reverence and with sober minds, let us give heed, and listen to the Gospel of the living words of God, in the Holy Evangelion of our Lord Jesus Christ, that is read to us.

വി. മത്തായി 27 : 1-10
പുലർച്ചെക്കു മഹാപുരോഹിതന്മാരും ജനത്തിന്റെ മൂപ്പന്മാരും എല്ലാം യേശുവിനെ കൊല്ലുവാൻ കൂടി വിചാരിച്ചു, അവനെ ബന്ധിച്ചു കൊണ്ടുപോയി നാടവാഴിയായ പീലാത്തോസിനെ ഏല്പിച്ചു. അവനെ ശിക്ഷക്കു വിധിച്ചു എന്നു അവനെ കാണിച്ചു കൊടുത്ത യൂദാ കണ്ടു അനുതപിച്ചു, ആ മുപ്പതു വെള്ളിക്കാശ് മഹാപുരോഹിതന്മാരുടേയും മൂപ്പന്മാരുടേയും അടുക്കൽ മടക്കി കൊണ്ടുവന്നു ഞാൻ കുറ്റമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ പാപം

ചെയ്തു എന്നു പറഞ്ഞു. അതു ഞങ്ങൾക്കു എന്തു? നീ തന്നേ നോക്കികൊൾക എന്നു അവർ പറഞ്ഞു. അവൻ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടി ഞാന്നു ചത്തുകളഞ്ഞു. മഹാപുരോഹിതന്മാർ ആ വെള്ളിക്കാശ് എടുത്തു: ഇതു രക്ത വിലയാകയാൽ ശ്രീഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞുകൂടി ആലോചിച്ചു, പരദേശികളെ കുഴിച്ചിടുവാൻ അതുകൊണ്ടു കുശവന്റെ നിലം വാങ്ങി. ആകയാൽ ആ നിലത്തിന്നു ഇന്നു വെരെ രക്തനിലം എന്നു പേർ പറയുന്നു.

"യിസ്രായേൽ മക്കൾ വിലമതിച്ചവന്റെ വിലയായ മുപ്പതു വെള്ളികാശു അവർ എടുത്തു, കർത്താവു എന്നോടു അരുളി ചെയ്തതുപോലെ കുശവന്റെ നിലത്തിന്നു വേണ്ടി കൊടുത്തു" എന്നു യിരമ്യാപ്രവാചകൻ മുഖാന്തിരം അരുളിചെയ്തതിന്നു അന്നു നിവൃത്തി വന്നു.

St. Matthew: 27 : 1-10

Early in the morning all the chief priests and the elders made their plans against Jesus to put him to death. They put him in chains, led him off, and handed him over to Pilate, the Roman Governor.

When Judas, the traitor, learned that Jesus had been condemned, he repented and took back the thirty silver coins to the chief priests and the elders. "I have sinned by betraying an innocent man to death" he said.

"What do we care about that? They answered. "That is your business!"

Judas threw the coins down in the Temple and left; then he went off and hanged himself.

The chief priests picked up the coins and said, "This is blood money, and it is against our Law to put it in the Temple treasury." After reaching an agreement about it they used the money to buy Potter's Field as a

cemetery for foreigners. This is why that fild is called "Field of Blood" to this very day.

Then what the prophet Jeremiah had said came true: "They took the thirty silver coins, the amount the people of Israel had agreed to pay for him, and used the money to buy the potter's field, as the Lord had commanded me."

വി. മർക്കോസ് 15: 1-10

ഉടനെ അതികാലത്തു തന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും ശാസ്ത്രിമാരുമായി ന്യായാധിപസംഘം ഒക്കെയും കൂടി ആലോചിച്ചു യേശുവിനെ കെട്ടികൊണ്ടുപോയി പീലാത്തൊസിനെ ഏല്പിച്ചു പീലാത്തൊസ് അവനോടു: നീ യെഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചതിന്നു: ഞാൻ ആകുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. മഹാപുരോഹിതന്മാർ അവനെ ഏറിയോന്നു കുറ്റം ചുമത്തി. പീലാത്തൊസ് പിന്നെയും അവനോടു ചോദിച്ചു: നീ ഒരു ഉത്തരവും പറയുന്നില്ലയോ? ഇതാ അവർ നിന്നെ എന്തെല്ലാം കുറ്റം ചുമത്തുന്നു എന്നു പറഞ്ഞു. യേശു പിന്നെയും ഉത്തരം ഒന്നും പറയായ്കയാൽ പീലാത്തൊസ് ആശ്ചര്യപ്പെട്ടു.

അവൻ ഉത്സവം തോറും അവർ ചോദിക്കുന്ന ഒരു തടവുകാരനെ അവർക്കു വിട്ടുകൊടുക്ക പതിവായിരുന്നു.എന്നാൽ ഒരു കലഹത്തിൽ കുലചെയ്തവരായ കലഹക്കാരുടെകൂടെ ബന്ധിച്ചിരുന്ന ബറബ്ബാസ് എന്നു പേരുള്ള ഒരുത്തൻ ഉണ്ടായിരുന്നു. പുരുഷാരം കയറി വന്നു, അവൻ പതിവുപോലെ ചെയ്യേണം എന്നുഅപേക്ഷിച്ചു തുടങ്ങി. മഹാപുരോഹിതന്മാർ അസൂയകൊണ്ടു അവനെ ഏല്പിച്ചു എന്നു പീലാത്തൊസ് അറിഞ്ഞതുകൊണ്ടു അവരോടു: യഹൂദന്മാരുടെ രാജാവിനെ നിങ്ങൾക്കു വിട്ടുതരേണം എന്നു ഇച്ഛിക്കുന്നുവോ എന്നു ചോദിച്ചു.

St. Mark 15: 1-10

Early in the morning the chief priests met hurrieedly with the elders, the teachers of the Law and the whole council, and made their plans. They put Jesus in chains, led him

away, and handed him over to Pilate. Pilate questioned him, “Are you the king of Jews?”

Jesus answered, “So you say.”

The chief priests were accusing Jesus of many things, so Pilate questioned him again, “Aren’t you going to answer? Listen to all their accusations!”

Again Jesus refused to say a word, and Pilate was amazed.

At every Passover Festival Pilate was in the habit of setting free any one prisoner the people asked for. At that time a man named Barabbas was prison with the rebels who had committed murder in the riod. When the crowed gathered and began to ask Pilate for the usual favor, he asked them, “ Do you want to me to set free for you the king of the Jews?” He knew very well that the chief priest had handed Jesus over to him because they were jealous.

വി. ലൂക്കോസ് 22: 66-71

നേരം വെളുത്തപ്പോൾ ജനത്തിന്റെ മൂപ്പന്മാരായ മഹാപുരോഹിതന്മാരും ശാസ്ത്രിമാരും വന്നു കൂടി അവനെ ന്യായാധിപ സംഘത്തിൽ വരുത്തി: നീ ക്രിസ്തു എങ്കിൽ ഞങ്ങളോടു പറക എന്നു പറഞ്ഞു. അവൻ അവരോടു: ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കയില്ല; ഞാൻ ചോദിച്ചാൽ ഉത്തരം പറകയുമില്ല. എന്നാൽ ഇന്നുമുതൽ മനുഷ്യപുത്രൻ ദൈവശക്തിയുടെ വലത്തു ഭാഗത്തു ഇരിക്കും എന്നു പറഞ്ഞു. എന്നാൽ നീ ദൈവപുത്രൻ തന്നെയോ എന്നു എല്ലാവരും ചോദിച്ചതിന്നു: നിങ്ങൾ പറയുന്നതു ശരി; ഞാൻ ആകുന്നു എന്നു പറഞ്ഞു. അപ്പോൾ അവർ ഇനി സാക്ഷ്യം കൊണ്ടു നമുക്കു എന്തു ആവശ്യം? നാം തന്നെ അവന്റെ വായ്മൊഴി കേട്ടുവല്ലോ എന്നു പറഞ്ഞു.

St. Luke 22: 66-71
When day came, the elders, the chief priests, and the teachers of the Law met together, and Jesus was brought before the Council. "Tell us, they said, are you the Messiah?"

He answered, "If I tell you, you will not believe me; and if I ask you a question, you will not answer. But from now on the son of Man will be seated at the right side of Almighty God."

They all said, "Are you, then, the Son of God?"

He answered them, "You say that I am."

And they said, " We don't need any witness! We ourselves have heard what he said!"

വി. യോഹന്നാൻ 18 : 28-40
പുലച്ചെക്കു അവർ യേശുവിനെ കയ്യാഫാവിന്റെ അടുക്കൽ നിന്നു ആസ്ഥാനത്തിലേക്കു കൊണ്ടുപോയി; തങ്ങൾ അശുദ്ധമാകാതെ പെസഹ കഴിപ്പാന്തക്കവണ്ണം ആസ്ഥാനത്തിൽ കടന്നില്ല. പീലാത്തൊസ് അവരുടെ അടുക്കൽ പുറത്തു വന്നു: ഈ മനുഷ്യന്റെ നേരേ എന്തു കുറ്റം ബോധിപ്പിക്കുന്നു എന്നു ചോദിച്ചു. കുറ്റക്കാരൻ അല്ലാഞ്ഞു എങ്കിൽ ഞങ്ങൾ അവനെ നിന്റെ പക്കൽ ഏല്പിക്കയില്ലായിരുന്നു എന്നു അവർ അവനോടു ഉത്തരം പറഞ്ഞു. പീലാത്തൊസ് അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി നിങ്ങളുടെ ന്യായപ്രമാണ പ്രകാരം വിധിപ്പിൻ എന്നു പറഞ്ഞതിന്നു യെഹൂദന്മാർ അവനോടു: മരണശിക്ഷക്കുള്ള അധികാരം ഞങ്ങൾക്കില്ലല്ലോ എന്നു പറഞ്ഞു. യേശു താൻ മരിപ്പാനുള്ള മരണവിധം സൂചിപ്പിച്ച വാക്കിന്നു ഇതിനാൽ നിവൃത്തി വന്നു.

പീലാത്തൊസ് പിന്നെയും ആസ്ഥാനത്തിൽ ചെന്നു യേശുവിനെ വിളിച്ചു: നീ യഹൂദന്മാരുടെ രാജാവോ എന്നു ചോദിച്ചു. അതിന്നു ഉത്തരമായി യേശു: ഇതു നീ സ്വയമായി പറയുന്നതോ മറ്റുള്ളവർ എന്നെക്കുറിച്ചു നിന്നോടു പറഞ്ഞിട്ടോ എന്നു ചോദിച്ചു. പീലാത്തൊസ് അതിന്നു ഉത്തരമായി: ഞാൻ യെഹൂദനോ? നിന്റെ

ജനവും മഹാപുരോഹിതന്മാരും നിന്നെ എന്റെ പക്കൽ ഏല്പിച്ചിരിക്കുന്നു; നീ എന്തു ചെയ്തു എന്നു ചോദിച്ചതിന്നു യേശു: എന്റെ രാജ്യം ഐഹികമല്ല; എന്റെ രാജ്യം ഐഹികമായിരുന്നു എങ്കിൽ എന്നെ യെഹൂദന്മാരുടെ കയ്യിൽ ഏല്പിക്കാതവണ്ണം എന്റെ ചേവകർ പോരാടുമായിരുന്നു; എന്നാൽ എന്റെ രാജ്യം ഐഹികമല്ല എന്നു ഉത്തരം പറഞ്ഞു. പീലാത്തൊസ് അവനോടു: എന്നാൽ നീ രാജാവു തന്നെയല്ലോ എന്നു പറഞ്ഞതിന്നു യേശു: നി പറഞ്ഞതുപോലെ ഞാൻ രാജാവു തന്നെ; സത്യത്തിന്നു സാക്ഷി നിൽക്കേണ്ടതിന്നു ഞാൻ ജനിച്ചു അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു; സത്യ തല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു എന്നു ഉത്തരം പറഞ്ഞു. പീലാത്തൊസ് അവനോടു: സത്യം എന്നാൽ എന്തു എന്നു പറഞ്ഞു. പിന്നെയും യെഹൂദന്മാരുടെ അടുക്കൽ പുറത്തു ചെന്നു അവരോടു: ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല. എന്നാൽ പെസഹായിൽ ഞാൻ നിങ്ങൾക്കു ഒരുത്തനെ വിട്ടുതരിക പതിവുണ്ടല്ലോ; യെഹൂദന്മാരുടെ രാജാവിനെ വിട്ടുതരുന്നതു സമ്മതമോ എന്നു ചോദിച്ചതിന്നു അവർ പിന്നെയും: ഇവനെ വേണ്ടാ; ബറബ്ബാസിനെ മതി എന്നു നിലവിളിച്ചു പറഞ്ഞു; ബറബ്ബാസോ കവർച്ചക്കാരൻ ആയിരുന്നു.

St. John 18 : 28-40

Early in the morning Jesus was taken from Caiaphas' house to the Governor's place. The Jewish authorities did not go inside the place, for they wanted to keep themselves ritually clean, in order to be able to eat the Passover meal. So Pilate went outside to them and asked, "What do you accuse this man of?"

Their answer was, we would not have brought him to you if he had not committed a crime."

Pilate said to them, "Then you yourselves take him and try him according to your own law."

They replied, "We are not allowed to put any one to death." (This happened in order to make come true

what Jesus had said when he indicated the kind of death he would die.)

Pilat went back into the palace and called Jesus. “Are you the king of the Jews?” he asked him.

Jesus answered, “Does this question come from you or have others told you about me?”

Pilate replied, “Do you think I am a Jew? It was your own people and the chief priests who handed you over to me. What have you done?”

Jesus said, “My kingdom does not belong to this world; if my kingdom belonged to this world, my followers would fight to keep me from being handed over to the Jewish authorities. No, my kingdom does not belong here!”

So Pilate asked him, “Are you a king, them?”

Jesus answered, “You say that I am a king. I was born and came into the world for this one purpose, to speak about the truth. Whoever belongs to the truth listens to me.”

“And what is truth?” Pilate asked.

Then Pilate went back outside to the people and said to them, “I can not find any reason to condemn him. But according to the custom you have, I always set free a prisoner for you during the Passover. Do you want me to set free for you the king of the Jews?”

They answered him with a shout, “No, not him! We want Barabbas! (Barabbas was a bandit.)

## പ്രഭാത സ്തുതിപ്പ്

കർത്താവിനെ സ്തോത്രം ചെയ്യുന്നതും, ഉന്നതമായ തന്റെ തിരുനാമത്തിനു പാടുന്നതും, പ്രഭാതത്തിൽ തന്റെ കൃപയും രാത്രി

കാലങ്ങളിൽ തന്റെ വിശ്വാസവും അറിയിക്കുന്നതും എത്രയോ നല്ലതാകുന്നു. കർത്താവേ! പ്രഭാതത്തിൽ എന്റെ ശബ്ദം കേൾക്കണമേ. പ്രഭാതത്തിൽ ഞാൻ ഒരുങ്ങി തനിക്കു കാണപ്പെടുമാറാകണമേ. കർത്താവേ! തന്റെ ജനത്തോടു കരുണചെയ്യണമേ. കർത്താവേ! ഞങ്ങൾ എല്ലാവരുടേയും പാപങ്ങൾ പരിഹരിച്ചു ക്ഷമിക്കണമേ. പരിശുദ്ധനായുള്ളോവേ, തിരു വലത്തുകൈ ഞങ്ങളുടെ മേൽ ആവസിപ്പിച്ച്, തിരുനാമംനിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ സൗഖ്യമാക്കണമേ. ആമ്മീൻ

**കൗമാ**

പീഡാ-താഴ്ചകളാൽ നമ്മേ വീണ്ടോനാം
മ്ശിഹായേ വാഴ്ത്തി നമിക്കാം പുലർകാലേ.
പീഡാ-താഴ്ചകളാൽ നമ്മേ വീണ്ടോനാം
മ്ശിഹായേ വാഴ്ത്തി നമിക്കാം പുലർകാലേ.
പീഡാ-താഴ്ചകളാൽ നമ്മേ വീണ്ടോനാം
മ്ശിഹായേ വാഴ്ത്തി നമിക്കാം പുലർകാലേ.

Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.
Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.
Meseiha, who by your passion has saved us from eternal death, accept our service and have mercy on us at this early day.

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശിലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!

സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion's gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one.
For Thine is the kingdom, the power, and the glory, for ever and ever. Amen (+)